# ദി ഡിഫെൻഡർ

Vol. No. 11 Issue No. 15 RNI Reg. No. 68089 / 97 Published From Perumbavoor 2008 AUGUST 1 Price: Rs.100/- P.A.

## കെ.സിക്ക് സമനില തെറ്റുന്നു

ഐ.പി.സി എന്ന പേരിൽ അറിയപ്പെടുന്ന ഇന്ത്യൻ പെന്തക്കോസ്ത് സഭയുടെ ജനറൽ പ്രസിഡന്റും പവ്വർ വിഷൻ ടി.വി ചാനലിന്റെ ചെയർമാനും വാത്സ്യായന ശാസ്ത്രത്തിന്റെ ആഴങ്ങളിൽ ഗവേഷണം നടത്തുന്നവനുമായ (ചുമ്മാ) ഡോ. കെ.സി. ജോണിന് സമനില തെറ്റുന്നു. അരമനരഹസ്യമായി നാളിതുവരെ കാത്തുസൂക്ഷിച്ചിരുന്ന തോന്ന്യാസങ്ങൾ ഡിഫെൻഡറിലൂടെ ലോകമെങ്ങും അറിഞ്ഞതാണ് കെ.സിയെ ഭ്രാന്തുപിടിപ്പിച്ചത്.



എന്നെന്നും കന്നിമാസം

കഴിഞ്ഞ നാലു പതിറ്റാണ്ടോളമായി പെന്തക്കോസ്ത് സ്റ്റേജുകളിൽ നിറഞ്ഞു നിൽക്കുന്ന കെ.സി.ജോണിന്റെ പ്രധാന തൊഴിൽ വ്യഭിചാരമാണ്. മറ്റൊരാളുടെ ഭാര്യയിൽ വ്യഭിചാരത്തിന്റെ ആദ്യാക്ഷരം കുറിച്ച കെ.സി.ജോൺ പിന്നീട് ആ സ്ത്രീയുടെ മകളെത്തന്നെ വിവാഹം ചെയ്തു. ബൈബിൾ പഠിക്കാനായി ബൈബിൾ സ്ക്കൂളിൽ എത്തിയ കെ.സി.ജോൺ അവിടെയുള്ള അടുക്കളക്കാരിയുമായും അവിഹിതബന്ധം പുലർത്തിയിരുന്നു. ഐ.പി.സിയുടെ മുൻപ്രസിഡന്റും ഇപ്പോൾ ജനറൽ മിനിസ്റ്ററുമായ ടി.എസ്.ഏബ്രഹാമിന്റെ മകളായ മേഴ്സി എന്ന സ്റ്റാർലക്ക് വിശുദ്ധ ഗർഭം നൽകി അനുഗ്രഹിക്കാനും കെ.സി.ജോണിനു കഴിഞ്ഞു.

പാസ്റ്ററായതോടെ വ്യഭിചാരത്തിനുള്ള അനന്ത സാദ്ധ്യതകളാണ് ഈ വിശുദ്ധന്റെ മുൻപിൽ തുറന്നു കിട്ടിയത്. സുവിശേഷ പ്രസംഗവുമായി ഊരു ചുറ്റുന്നതിനിടയിൽ നിരവധി പാസ്റ്റർമാരുടെ ഭാര്യമാർ ഇയാളുടെ കാമവെറിക്കിരയായി. പലർക്കും ഇയാൾ സന്താനദാനവും നടത്തി. പക്ഷേ സഭാനേതാവിന്റെ സന്തതിയെ വളർത്തുന്നത് ഭാഗ്യമായി കണക്കാക്കുന്നവർ കെ.സി.ജോൺ നൽകിയ ദാനം രണ്ടുകൈയ്യും നീട്ടി വാങ്ങി അനുഗ്രഹീതരായി.

ഭർത്താവിന്റെ കാലടികളെ പിൻതുടരുന്നതിൽ ഏറെ തല്പരയാണ് കെ.സി.ജോണിന്റെ ഭാര്യ. എങ്കിലും സ്വന്തം അമ്മയെ തന്നോടൊപ്പം താമസിപ്പിക്കാനുള്ള ഹൃദയവിശാലത അവർക്കുണ്ടായില്ല. ഭാര്യയുടെ ഈ സങ്കുചിത മന:സ്ഥിതി കെ.സി. ജോണിനെ കുറച്ചൊന്നുമല്ല ദു:ഖിപ്പിച്ചത്. അമ്മയേയും മകളേയും ഒരേസമയം ഭാര്യയാക്കിയവനെന്ന അത്യപൂർവ്വ റിക്കാഡാണ് ഇതിലൂടെ കെ.സി.ജോണിനു നഷ്ടമായത്.

സുവിശേഷവുമായി ഉലകം ചുറ്റുന്ന കെ.സി.ജോൺ തരം കിട്ടുന്നിടത്തെല്ലാം തന്റെ കലാപരമായ കഴിവുകൾ തെളിയിക്കാറുണ്ട്. ഇതൊക്കെ നന്നായറിയാവുന്ന പ്രിയതമ തന്റെ കണവൻ വെട്ടിത്തുറന്ന പാതയിലൂടെ സഞ്ചരിക്കുന്നതിൽ ശ്രദ്ധവയ്ക്കുന്നു. അസിസ്റ്റന്റ് പാസ്റ്ററോടൊപ്പം ഈ മാന്യവനിത നടത്തിയ ഹോട്ടൽ സന്ദർശനം കുപ്രസിദ്ധമാണ്. ഡിഫെൻഡർ സ്ഥിരമായി വായിക്കുന്നവർക്ക് ഈ കഥകളൊക്കെ മന:പാഠമായിരിക്കുമെന്നറിയാം. പക്ഷേ ഈ സംഭവങ്ങളൊക്കെ കേരളത്തിലുള്ള ദൈവമക്കൾ മാത്രമേ അറിഞ്ഞിട്ടുള്ളൂ എന്നാണ് കെ.സി.ജോൺ രണ്ടുമാസം മുൻപുവരെ കരുതിയിരുന്നത്. എന്നാൽ ഈ കഥകൾ അമേരിക്കയിൽ പാട്ടാണെന്നും ഡിഫെൻഡറിന് അമേരിക്കയിൽ ആയിരക്കണക്കിനു വായനക്കാരുണ്ടെന്നും കെ.സി.ജോൺ മനസ്സിലാക്കിയത് ഈയിടെ നടത്തിയ അമേരിക്കൻ പര്യടനത്തിലാണ്.

കേരളത്തിൽ മഴക്കാലം ആരംഭിക്കുമ്പോൾ ഭൂരിപക്ഷം പെന്തക്കോസ്ത് നേതാക്കൻമാരും അമേരിക്കയിലേക്കു ചേക്കേറും. മഴയൊക്കെ തീർന്ന് കൺവെൻഷൻ സീസൺ ആരംഭിക്കുമ്പോഴായിരിക്കും മടക്കം. പതിവുപോലെ കെ.സി.ജോൺ ഇത്തവണയും അമേരിക്കയിലെത്തി. പക്ഷേ ആരും മൈന്റ് ചെയ്യുന്നില്ല. ഇതെന്തു കഥ? ഒരു പിടിയും കിട്ടിയില്ല. ഐ.പി.സി ഫാമിലി കോൺഫ്രൻസിൽ പ്രസംഗിക്കുന്നതിനിടയിൽ കെ.സി.ജോണിനെ പിടിച്ചിരുത്തുകവരെയുണ്ടായി. പിണ്ണാക്ക് കോൺഫ്രൻസിലെ പ്രസംഗവും ചീറ്റി. സഭകളിൽ പ്രസംഗിക്കാൻ ആരും വിളിച്ചുമില്ല. പലരോടും അങ്ങോട്ടുകേറി കുശലം പറഞ്ഞുനോക്കി. അതും ഫലിച്ചില്ല. എന്താണു സംഭവിച്ചതെന്ന് ഏറെ താമസിയാതെ കെ.സി.ജോണിനു മനസ്സിലായി. അമേരിക്കയിലുള്ള പെന്തക്കോസ്തുകാർ ഡിഫെൻഡറിലൂടെ സത്യം അറിഞ്ഞിരിക്കുന്നു. ഡിഫെൻഡർ പറയുന്നതെല്ലാം കള്ളമാണെന്നൊക്കെ പറഞ്ഞ് തടിതപ്പാൻ ശ്രമിച്ചെങ്കിലും ഫലിച്ചില്ല. ഡിഫെൻഡർ പറയുന്നതു കള്ളമാണെങ്കിൽ കെ.സി. ജോൺ എന്തുകൊണ്ട് ഡിഫെൻഡറിനെതിരെ പ്രതികരിക്കുന്നില്ല എന്ന ചോദ്യത്തിന് ഉത്തരം നൽകാൻ കെ.സിക്ക് കഴിഞ്ഞുമില്ല. അതുകൊണ്ട് അമേരിക്കൻ പര്യടനം വെട്ടിച്ചുരുക്കി കേരളത്തിലെത്തി. ഹാലേലൂയ്യായിൽ ഉഗ്രൻ ഒരു അഭിമുഖവും കൊടുത്തു.

വെളുക്കാൻ തേച്ചതു പാണ്ടായി എന്നു പറഞ്ഞതുപോലെയുള്ള ഫലമാണ് ഈ അഭിമുഖം മൂലം ഉണ്ടായത്. മാന്യൻമാരായ പല പെന്തക്കോസ്ത് പ്രസംഗകരേയും അകാരണമായി അവഹേളിച്ചത് കടുത്ത എതിർപ്പിനു കാരണമായി. (എട്ടാം പേജ് നോക്കുക). അങ്ങനെ ഈ ശുനകൻ ശരിക്കും പുലിവാലു പിടിച്ചിരിക്കയാണ്. (ഇവനെ ശുനകൻ എന്നു വിളിച്ചാൽ സാക്ഷാൽ ശുനകൻമാർ മാനനഷ്ടത്തിനു കേസ്സ് കൊടുക്കും. കാരണം പട്ടികളേക്കൊണ്ടുള്ള ശല്യം കന്നിമാസത്തിലേയുള്ളൂ. ഇവന് എന്നും കന്നിമാസമാണ്).

## കെ.സി.ജോണിനെതിരെ ഗുഡ്ന്യൂസും പ്രതികരിക്കുന്നു

കെ.സി.ജോണിനെതിരെ പ്രമുഖ പെന്തക്കോസ്ത് വാരികയായ ഗുഡ്ന്യൂസും പ്രതികരിക്കുന്നു. ഹാലേലൂയ്യാ ദ്വൈവാരികയ്ക്ക് കെ.സി.ജോൺ നൽകിയ അഭിമുഖമാണ് ഗുഡ്ന്യൂസിന്റെ വിമർശനത്തിനു ഹേതുവായത്. മിതവാദത്തിനു പേരുകേട്ട ഗുഡ്ന്യൂസിനെ വരെ ചൊടിപ്പിക്കുന്നത്ര ഹീനമായ നടപടിയായിപ്പോയി ആ അഭിമുഖം. ഗുഡ്ന്യൂസ് പറയുന്നു:

‘‘പൊതുരംഗത്തല്ല നേതാക്കൻമാർ കസർത്തു കാട്ടേണ്ടത്. വിഴുപ്പലക്കുവാൻ പൊതുവേദികളോ മാധ്യമങ്ങളോ ഉപയോഗിക്കരുത്. ആനപ്പുറത്തിരുന്നുകൊണ്ടല്ല നേതൃത്വപാടവം പ്രദർശിപ്പിക്കേണ്ടത്. വാചക കസർത്തുകൊണ്ടല്ല സത്യസന്ധത വെളിപ്പെടുത്തേണ്ടത്. വിശുദ്ധനെന്ന് ഉറക്കെ പറഞ്ഞല്ല വിശുദ്ധി തെളിയിക്കേണ്ടത്. ഇതൊക്കെ ജീവിതംകൊണ്ട് ജനങ്ങൾ മനസ്സിലാക്കണം. പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിലെ ആദ്യകാല പിതാക്കൻമാർ ജീവിതംകൊണ്ടു മാതൃക കാണിച്ചവരാണ്. അവരുടെ പരസ്യവും രഹസ്യവുമായ ജീവിതം ഒന്നുപോലെ വിശുദ്ധമായിരുന്നു. ശത്രുക്കൾക്കുപോലും ചോദ്യം ചെയ്യാനാവാത്ത ജീവിതമാണവർ നയിച്ചത്. അവരുടെ സംസാരത്തിലും ഭാവത്തിലും ദൈവസാന്നിദ്ധ്യം പ്രകടമായിരുന്നു. ഒഴിവു സമയങ്ങൾ രാഷ്ട്രീയ ചർച്ചയ്ക്കല്ല ദൈവവുമായുള്ള സംസർഗ്ഗത്തിനാണവർ വിനിയോഗിച്ചത്. കോപ്രായങ്ങൾ കണ്ടും കേട്ടും മടുത്ത ജനം പ്രാണരക്ഷാർത്ഥം ഓടിയകലുന്നതു കണ്ടില്ലെന്നു നേതാക്കൾ നടിക്കരുത്. വിയർപ്പൊഴുക്കി പടുത്തുയർത്തിയ സ്ഥാപനങ്ങളിൽ നിന്നുപോലും ഇറങ്ങിപ്പോകുന്ന വിശ്വാസികളെ കണ്ടില്ലെന്നു ഭാവിക്കരുത്. മറ്റു മാർഗ്ഗമില്ലാതെ സഭകളിൽ നെടുവീർപ്പോടെ ചടഞ്ഞിരിക്കുന്ന വിശ്വാസികളുടെ ഞരക്കം കേൾക്കുന്നില്ലെന്നു നടിക്കരുത്. തമ്മിൽ തല്ലുന്നതിനും വീമ്പിളക്കുന്നതിനുമല്ല ദൈവം നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നത്. ദൈവം തന്നതോ നിങ്ങൾ നേടിയെടുത്തതോ ആയ സ്ഥാനങ്ങൾ നിങ്ങൾക്കുവേണ്ടിയുള്ളതല്ല എന്നും മറക്കരുത്.’’

ഇങ്ങനെ പോകുന്നു ഗുഡ്ന്യൂസിന്റെ മുഖപ്രസംഗം. ഈ പറഞ്ഞതൊക്കെ എല്ലാ പെന്തക്കോസ്ത് നേതാക്കൻമാർക്കും ബാധകമാണെങ്കിലും കെ.സി.ജോണിനെതിരെയുള്ളതാണെന്നു വ്യക്തം.

## ജീവിതം സൂക്ഷിക്കാത്തവനാണ് ടി.എസ്.ഏബ്രഹാമെന്ന് കെ.സി.ജോൺ

ജീവിതം സൂക്ഷിക്കാത്തവനാണ് ടി.എസ്. ഏബ്രഹാമെന്ന് ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ കെ.സി.ജോൺ പറയുന്നു. കഴിഞ്ഞലക്കം ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിലാണ് കെ.സി. ജോൺ ഈ വസ്തുത വ്യക്തമാക്കിയത്. അപ്പോളൊജസ്റ്റിക് കൗൺസിലിനേക്കുറിച്ചു പറയുന്നതിനിടയിലാണ് കെ.സി. ജോൺ ഇപ്രകാരം പറഞ്ഞത്.



‘‘താങ്കൾക്കെതിരെ ഉപദേശ സംരക്ഷണ സമിതി എന്നൊരു പ്രസ്ഥാനം ഉണ്ടാക്കിയതിനേക്കുറിച്ച് ഐ.പി.സി പ്രസിഡന്റ് എന്ന നിലയിൽ എന്താണു പറയാനുള്ളത്’’ എന്ന ചോദ്യത്തിനു മറുപടിയായി കെ.സി. ജോൺ പറഞ്ഞ മറുപടി ഇതാണ്: ‘‘ജീവിതം സൂക്ഷിക്കാതെ ഉപദേശം സൂക്ഷിക്കാൻ നടക്കുന്നവൻ കപടഭക്തനാണ്.’’ ഉപദേശ സംരക്ഷണ സമിതിയിൽ കാനം അച്ചൻ, പി.ടി.തോമസ്, രാജൻ ആഷേർ, ഫിലിപ്പ് പി. തോമസ് തുടങ്ങി പലരുമുണ്ട്. പക്ഷേ ഇവരിൽ ആർക്കും ജീവിതപ്പിശകുള്ളതായി ആരോപണം പോലും ഉണ്ടായിട്ടില്ല. ഇത്തരത്തിലുള്ള ആരോപണം ഈ കൗൺസിലിലുള്ള ഒരാളേക്കുറിച്ചു മാത്രമേ ഉണ്ടായിട്ടുള്ളൂ: അത് കൗൺസിലിന്റെ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിനേക്കുറിച്ചാണ്. ടി.എസ്.ഏബ്രഹാം ദുർന്നടപ്പുകാരനാണെന്ന് ഡിഫെൻഡറിനു വിവരം തന്ന ആദ്യ ഐ. പി.സി നേതാവ് കെ.സി. ജോൺ ആണെന്നതും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. (കൂടുതൽ വിവരങ്ങൾ വരും ലക്കങ്ങളിൽ)

ജീവിതം സൂക്ഷിക്കാത്തവൻ എന്നു കെ.സി.ജോൺ പറഞ്ഞത് ടി.എസ്.ഏബ്രഹാമിനേക്കുറിച്ചാണെന്നതിന് മറ്റു ചില തെളിവുകൾകൂടിയുണ്ട്. കെ.സി.ജോണിനെതിരെയാണ് ഈ കൗൺസിൽ ഉണ്ടാക്കിയതെന്ന് അഭിമുഖക്കാരൻ പറയുന്നു, കെ.സി. ജോൺ അത് അംഗീകരിക്കയും ചെയ്യുന്നു. ഐ.പി.സിയുടെ പ്രസിഡന്റാണ് കെ.സി. ജോൺ. ആ സ്ഥാനം തട്ടിയെടുക്കാൻ ആഗ്രഹിക്കുന്ന ആരും ഈ കൗൺസിലിലില്ല. പക്ഷേ കൗൺസിലിന്റെ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിന് സ്വന്തം മകനായ വൽസനെ ഐ.പി.സിയുടെ പ്രസിഡന്റാക്കാൻ പദ്ധതിയുണ്ട്. ഇത് കെ.സി ജോണിന് അറിവുള്ള കാര്യവുമാണ്. അതുകൊണ്ട് ജീവിതം സൂക്ഷിക്കാത്തവനെന്നു കെ.സി. ജോൺ പറയുന്നത് ടി.എസ്.ഏബ്രഹാമിനെ ഉദ്ദേശിച്ചാണെന്നതിനു സംശയമില്ല.

കെ.സി.ജോണിനേപ്പോലൊരു വ്യഭിചാരി ഒരിക്കലും ഐ.പി.സിയുടെ പ്രസിഡന്റ് ആകാൻ പാടില്ലായിരുന്നു. തനിക്കു ലഭിച്ചിരിക്കുന്നത് അർഹതയില്ലാത്ത സ്ഥാനമാണെന്നു കെ.സി.ജോണിനും അറിയാം. അടുത്ത തെരഞ്ഞെടുപ്പിൽ തന്റെ സ്ഥാനം വൽസൻ തട്ടിയെടുക്കുമെന്ന് കെ.സി. ജോൺ ഭയപ്പെടുന്നു. റാലിയും മറ്റും നടത്തി താനാണ് ഇന്ത്യയിലെ പെന്തക്കോസ്തിന്റെ യഥാർത്ഥ നേതാവെന്നു തെളിയിക്കാനാണ് ശ്രമം. അതിന്റെ ഭാഗമായാണ് ഹാലേലൂയ്യായിൽ അഭിമുഖം കൊടുത്തത്.

## മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു

ഡിഫെൻഡറിന്റെ ജനപ്രീതി അനുദിനം വർദ്ധിച്ചു വരുകയാണ്. തന്മൂലം കോപ്പികളുടെ എണ്ണത്തിൽ വലിയ വർദ്ധനവ് വരുത്തേണ്ടതായി വരുന്നു. ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാൻ ഇതു കാരണമാകുന്നു. ഈ നിലയിൽ തുടരാൻ പറ്റില്ല. അതുകൊണ്ട് കോപ്പികളുടെ എണ്ണം ഒരു നിശ്ചിത പരിധിക്കുള്ളിൽ നിയന്ത്രിച്ചു നിർത്താൻ തീരുമാനിക്കയാണ്. ഇതിന്റെ ഭാഗമായി ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കാൻ ഉദ്ദേശിക്കുന്നു. അടുത്ത ലക്കം മുതൽ പുതിയ മെയിലിംഗ് ആയിരിക്കും ഉപയോഗിക്കുക. വരിസംഖ്യ നൽകാത്തവരേയും കുടിശ്ശിയുള്ളവരേയും ഒഴിവാക്കുന്നതാണ്. ആകയാൽ ആഗസ്റ്റ് 15ന് അകമായി വരിസംഖ്യ നൽകുവാൻ ശ്രദ്ധിക്കുക. റ്റി.എസ്.ബാലൻ എന്ന പേരിൽ മണിയോർഡറായി വരിസംഖ്യ അയയ്ക്കുക. വിലാസം അടുത്ത പേജിൽ.

Internet: www.tsbalan.com Email: tsbalan@yahoo.com Phone: 0484-3232356 Mobile: 94474 14608

ദി ഡിഫെൻഡർ
Vol. No.11 Issue No. 15 2008 August 1

# സത്യം സത്യമായി

## ആശാനക്ഷരമൊന്നുപിഴച്ചാൽ

ആശാന് ഒരക്ഷരം പിഴച്ചാൽ ശിഷ്യന് എല്ലാം പിഴയ്ക്കും. സംശയമുള്ളവർ പെന്തക്കോസ്തിലെ സ്ഥിതി പരിശോധിച്ചാൽ മതി. ടി.എസ്.ഏബ്രഹാം, കെ.സി.ജോൺ, ടി.ജെ. ശാമുവൽ തുടങ്ങിയ ആശാൻമാർക്ക് പല അക്ഷരങ്ങളും പിഴച്ചിരിക്കയാണ്. സത്യത്തിൽ അക്ഷരങ്ങൾ മാത്രമല്ല ഇവർ തന്നെ പിഴച്ചിട്ട് കാലം ഏറെയായി.

സംഘടനകൾ സ്ഥാപിക്കുക എന്നത് ദൈവീക പദ്ധതിയിലുള്ള കാര്യമല്ല. എങ്കിലും പെന്തക്കോസ്ത് സംഘടനകളുടെ തലപ്പത്തുണ്ടായിരുന്ന ആദ്യകാല നേതാക്കൻമാർ ഉപദേശത്തിലും ജീവിതത്തിലും വിശുദ്ധി കാത്തു സൂക്ഷിച്ചിരുന്നു. ദുരുപദേശക്കാരോട് അവർ സന്ധിയില്ലാസമരം നടത്തി. മഹതിയാം ബാബിലോൺ, പരിശുദ്ധാത്മസ്നാനം, സിലോൺ പെന്തക്കോസ്ത് തിരുവചന വെളിച്ചത്തിൽ തുടങ്ങിയ കൃതികൾ ഇങ്ങനെയുണ്ടായവയാണ്. സീയോൻ കാഹളത്തിന്റെ പഴയ ലക്കങ്ങൾ പരിശോധിച്ചാലും ഈ വസ്തുത വ്യക്തമാകുന്നതാണ്. അതുപോലെ അവർ ജീവിതവും സൂക്ഷിച്ചിരുന്നു. പക്ഷേ ഇന്ന് അതല്ല സ്ഥിതി. ഐ.പി.സിയുടെ നേതാവായ ടി.എസ്.ഏബ്രഹാം വ്യഭിചാരിയും കള്ളനുമാണ്. മകനായ വൽസനും കള്ളൻ തന്നെ. പ്രസിഡന്റായ കെ.സി.ജോണും ദുർന്നടപ്പുകാരനാണ്, ദുരുപദേശക്കാരനുമാണ്. എ.ജിയിലെ ടി.ജെ.ശാമുവൽ കള്ളനും നീചനുമാണ്. എല്ലാ പെന്തക്കോസ്ത് സഭകളിലും ഇതൊക്കെത്തന്നെ സ്ഥിതി.

എവിടെ ദുരുപദേശം കണ്ടാലും അതിനെതിരെ പോരാടുന്നതിൽ ശ്രദ്ധയുള്ളവരായിരുന്നു ആദ്യകാല പെന്തക്കോസ്ത് നേതാക്കൻമാരെങ്കിൽ ഏതു ദുരുപദേശത്തേയും സ്വീകരിക്കാൻ തയ്യാറായി നിൽക്കുകയാണ് ഇന്നത്തെ നേതൃത്വം. ദുരുപദേശക്കാരായ ന്യൂ ജനറേഷൻ സഭക്കാരെ ഐ.പി.സിയിൽ സ്വീകരിക്കരുതെന്ന് സ്റ്റേറ്റ് കൗൺസിൽ പറയുമ്പോൾ ഏതവനും ഐ.പി.സിയിലേക്കു സ്വാഗതം എന്ന് കെ.സി. ജോൺ പറയുന്നു. കെ.സി.ജോണിന്റെ ചവർ ചാനലിന് എല്ലാവിധ സഹായവും ചെയ്തുവരുന്ന തങ്കു നിലനിൽക്കേണ്ടത് കെ.സി.ജോണിന്റെ ആവശ്യമാണ്.

പെന്തക്കോസ്തിലെ അനാത്മീയതയും ദുർന്നടപ്പും രാഷ്ട്രീയക്കളികളും അനുദിനം വർദ്ധിച്ചു വരുകയാണ്. പല കാര്യങ്ങളിലും പെന്തക്കോസ്ത് ഇതര ക്രൈസ്തവ വിഭാഗങ്ങളേക്കാൾ താഴെയുമാണ്. ഈ സ്ഥിതി തുടർന്നാൽ പെന്തക്കോസ്ത് സഭകൾ സമുദായങ്ങളേക്കാൾ മോശമായ സ്ഥിതിയിലെത്തും. അതിന്റെ രക്തം പെന്തക്കോസ്ത് നേതാക്കൻമാരുടെ തലമേൽ വരുകയും ചെയ്യും.

പാഠപുസ്തകവിവാദം കെട്ടടങ്ങുകയാണോ? കഴിഞ്ഞ ചില ദിവസങ്ങളിലെ സ്ഥിതി പരിശോധിച്ചാൽ ഈ പ്രശ്നം ആറിത്തണുക്കുകയാണെന്നു പറയേണ്ടതായിവരും. എല്ലാ പ്രശ്നങ്ങളുടേയും സ്ഥിതി ഇതുതന്നെ. ഒരു ബഹളമുണ്ടാക്കും. എല്ലാ മാധ്യമങ്ങളിലും മേല്പടി പ്രശ്നം നിറഞ്ഞു തുളുമ്പി നിൽക്കും. പിന്നീട് എല്ലാവരും അതൊക്കെ മറക്കും. സംശയമുള്ളവർ വൈക്കം മുഹമ്മദ് ബഷീറിന്റെ വിശ്വവിഖ്യാതമായ മൂക്ക് എന്ന കഥ വായിക്കുക. ലോകത്തെ പിടിച്ചു കുലുക്കിയ മൂക്കുപ്രശ്നം എങ്ങനെ പര്യവസാനിച്ചു എന്നു മനസ്സിലാക്കുക.

ഇപ്പോൾ സന്തോഷ് മാധവനെ ഏറെപ്പേരൊന്നും ഓർക്കുന്നില്ല. തോക്കുസ്വാമിയുടെ പൊടിപോലുമില്ല. തങ്കുവിനേയും വെഷപ്പ് യോഹന്നാനേയും ജനം മറന്നുകഴിഞ്ഞു. എല്ലാ വാർത്തകളുടേയും സ്ഥിതി ഇതുതന്നെ. ഇപ്പോഴുണ്ടായിരിക്കുന്ന ബോംബ് പ്രശ്നവും ജനം മറക്കും.

ജോസഫിന്റെ കെ.കോ പാർട്ടി വീണ്ടും പിളർപ്പിലേക്കു നീങ്ങുന്നു. പഴയ ഐ.എഫ്.ഡി.പി വീണ്ടും മൂഷികസ്ത്രീ ആകും. സംഗതി എന്താണെന്നു വ്യക്തം. പാർലമെന്റ് തെരഞ്ഞെടുപ്പു വരുന്നു. ആകെ മൊത്തം ടോട്ടൽ ഒരു സീറ്റേ ജോസഫിനു കിട്ടു. അത് തോമസിനു കൊടുക്കുകയില്ലെന്നു തീർച്ച. അതുകൊണ്ട് മറ്റെന്തെങ്കിലും വഴി തേടണം. എന്താണു ചെയ്യേണ്ടതെന്നു നിശ്ചയമില്ല. എങ്കിലും സ്വന്തമായൊരു വ്യക്തിത്വം കൂടിയേ കഴിയൂ. സംഗതി കെ.കോ ആയതുകൊണ്ട് കർഷക ശരണം ഗച്ഛാമിയാണ് എന്തുകൊണ്ടും നല്ലത്.

കേരള കോൺഗ്രസ്സും കോട്ടയവുമായുള്ള ബന്ധം ഏവർക്കും അറിവുള്ളതാണ്. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ മാണിയുടെ പ്രിയസുതൻ ഭാഗ്യം പരീക്ഷിക്കുന്നതും ഇവിടെയായിരിക്കും. ജോസഫിന്റെ മാനസപുത്രൻ, അത് ആരുതന്നെ ആയാലും, എതിർപക്ഷത്തുണ്ടാകും. ഇവർക്കിടയിൽ ചെന്നു ചാടിയാൽ വീണ്ടും മൂവാറ്റുപുഴ ആവർത്തിച്ചേക്കാം. പി.സി.തോമസ് പാർലമെന്റിൽ എത്തിയേക്കാം.

ഇന്ത്യയിലെങ്ങും ബോംബുകൾ പൊട്ടുന്നു, നിരപരാധികൾ മരിച്ചുവീഴുന്നു. കേരളവും ഭീതിയുടെ നിഴലിലാണ്. അതിനിടയിലാണ് അജ്ഞാത ഫോൺ സന്ദേശം എന്ന ഉണ്ടയില്ലാവെടി. അന്വേഷിക്കാതെ പറ്റുമോ? പോലീസിന് ശ്വാസം വിടാൻ പോലും നേരമില്ലാത്ത സ്ഥിതിയായി.

ലീഡറുടെ അതൃപ്തി എവിടംവരെയായി? അറിഞ്ഞുകൂടാ. പല്ലിന്റെ ശൗര്യവും അതൃപ്തിയുടെ ശക്തിയും വളരെ ക്ഷയിച്ചിരിക്കുന്നു. ചുമ്മാ ഇരുന്നു മുറുമുറുക്കാമെന്നല്ലാതെ ആരും മൈന്റ് ചെയ്യുന്ന മട്ടില്ല. ഇപ്പം കിട്ടും കസേര എന്നു മോഹിച്ചു നടക്കുന്നവരുടെ നെടുവീർപ്പുകൾ മാത്രം ബാക്കി.

ഇത്തവണ മഴ ചതിച്ചു എന്നു തീർച്ച. ഇപ്പോൾ ലോഡ് ഷെഡിംഗ് അര മണിക്കൂർ. അത് ഒരു മണിക്കൂറോ രണ്ടു മണിക്കൂറോ ആയിക്കൂടെന്നില്ല. കേരളം ആകെ ഇരുട്ടിലാകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. ഇതെല്ലാം കാണുമ്പോൾ സന്തോഷിക്കുന്ന ചിലരുണ്ട്. ഇൻവെർട്ടർ നിർമ്മാതാക്കളാണ് അവരിൽ ഒരു കൂട്ടർ. മെഴുകുതിരി നിർമ്മിക്കുന്നവരാണ് മറ്റൊരു കൂട്ടർ. കുറച്ചു കാലമായി ഇവരുടെ ബിസിനസ്സ് ആകെ പൊളിഞ്ഞിരിക്കയായിരുന്നു. കേരളത്തിൽ പുണ്യാളൻമാർക്കു പഞ്ഞമില്ലാത്തതുകൊണ്ട് മെഴുകുതിരി നിർമ്മാതാക്കൾ മാത്രം ഒരുവിധം പിടിച്ചു നിന്നിരുന്നു. മഴയില്ലാതെ പോയതിന്റെ പിന്നിൽ ഏതെങ്കിലും പുണ്യാളന്റെ കൈയ്യോ കുന്തമോ അമ്പോ ഉണ്ടാകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

പുണ്യാളന്റെ കാര്യം പറഞ്ഞപ്പോഴാണ് ഒസ്താത്തിയോസിന്റെ കാര്യം ഓർമ്മയിൽ വന്നത്. പ്രായം കൂടുമ്പോൾ ബുദ്ധി ക്ഷയിക്കും. വിവരക്കേടുകൾ എഴുന്നെള്ളിക്കും. പരസ്പര ബന്ധമില്ലാതെ സംസാരിക്കും. ഇതൊക്കെ തികച്ചും സ്വാഭാവികം. പക്ഷേ നരകം എന്നൊന്നില്ല എന്ന് ഒരു തിരുമേനി പറയുക എന്നത് തികച്ചും അത്ഭുതകരമായ കാര്യമാണ്. ഈ അത്ഭുതമാണ് ഒസ്താത്തിയോസ് നടത്തിയിരിക്കുന്നത്. നരകം എന്നത് ഒരു സങ്കല്പം മാത്രമാണെന്ന് ഈ വെഷപ്പ് കണ്ടുപിടിച്ചിരിക്കുന്നു. മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുക, മരിച്ചവരോടു പ്രാർത്ഥിക്കുക തുടങ്ങിയവയ്ക്ക് അനുകൂലമായി ഈ ചങ്ങാതി എഴുതിയ കടലാസ്സിലെ മഷി കഷ്ടിച്ച് ഉണങ്ങിയതേയുള്ളൂ. അതിനുള്ളിലാണ് ഈ മലക്കം മറിച്ചിൽ. നരകമില്ലെങ്കിൽ ബൈബിൾ വിശ്വസനീയമല്ലെന്നുവരും. നരകത്തേക്കുറിച്ച് വളരെ വ്യക്തമായി പലവട്ടം പറഞ്ഞ കർത്താവ് കള്ളനാണെന്നും വരും. ഒരു സംശയം മാത്രം ബാക്കി നിൽക്കുന്നു: ഇയാളെന്തിനാണപ്പാ കുപ്പായവുമിട്ടു നടക്കുന്നത്?

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

ദുർന്നടപ്പുകാരോടു സംസർഗ്ഗം അരുത് എന്നു ഞാൻ എന്റെ ലേഖനത്തിൽ നിങ്ങൾക്ക് എഴുതിയിട്ടുണ്ടല്ലോ. അത് ഈ ലോകത്തിലെ ദുർന്നടപ്പുകാരോടോ അത്യാഗ്രഹികളോടോ പിടിച്ചുപറിക്കാരോടോ വിഗ്രഹാരാധികളോടോ അരുത് എന്നല്ലല്ലോ; അങ്ങനെ എങ്കിൽ നിങ്ങൾ ലോകം വിട്ടു പോകേണ്ടിവരും. സഹോദരൻ എന്നു പേർപെട്ട ഒരുവൻ ദുർന്നടപ്പുകാരനോ അത്യാഗ്രഹിയോ വിഗ്രഹാരാധിയോ വാവിഷ്ഠാണക്കാരനോ മദ്യപനോ പിടിച്ചുപറിക്കാരനോ ആകുന്നു എങ്കിൽ അവനോടു സംസർഗ്ഗം അരുത്; അങ്ങനെയുള്ളവനോടുകൂടെ ഭക്ഷണം കഴിക്കുകപോലും അരുത് എന്നത്രേ ഞാൻ നിങ്ങൾക്ക് എഴുതിയത്. പുറത്തുള്ളവരെ വിധിക്കുവാൻ എനിക്ക് എന്ത് കാര്യം? നിങ്ങൾ അകത്തുള്ളവരെ അല്ലയോ വിധിക്കുന്നത്; പുറത്തുള്ളവരെ ദൈവം വിധിക്കുന്നു. ആ ദുഷ്ടനെ നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുവിൻ. 1കൊരി. 5: 9-13.

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ
വിദേശം: (വാർഷിക വരിസംഖ്യ)
അമേരിക്ക: 30 ഡോളർ
മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:
**റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ**
**കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9447414608**

# ഫോൺ വിളിച്ച ബിൻസിയെ പിടികിട്ടി



ഫോണിലൂടെ ഭീഷണി മുഴക്കിയ ബിൻസിയേയും കൂട്ടരേയും പിടികിട്ടി. ഇവരുടെ വിലാസം: Binsi Samuel, 1526 Red Wood LN , Wyncote, PA 19095. Ph: (215) 884-1331.

ആരാണ് ബിൻസി? ടി.ജെ.ശാമുവലിന്റെ മകനായ ജോൺ ശാമുവലിന്റെ ഭാര്യ. ഈ ചങ്ങാതിമാരുടെ ഫോട്ടോകൾ മുകളിൽ കൊടുത്തിരിക്കുന്നു.

എന്താണു സംഭവിച്ചതെന്നും മനസ്സിലായി. ടി.ജെ.ശാമുവലിനെ പുനലൂർ എ.ജിയിലെ വിശ്വാസികൾ ഘെരാവോ ചെയ്ത സംഭവം ഡിഫെന്റിൽ വാർത്തയായത് ടി.ജെക്ക് നാണക്കേടായി. മാത്രമല്ല, ഇത്തവണ ടി.ജെ ശാമുവൽ അമേരിക്കയിലേക്കു പോകുന്നതിന്റെ തലേദിവസം അന്വേഷണത്തിനായി പോലീസ് ടി.ജെയുടെ വീട്ടിൽ എത്തുകയും ചെയ്തു. ഡിഫെൻഡറിന്റെ എഴുത്തുമൂലം ടി.ജെക്ക് പ്രശ്നങ്ങളുണ്ടാകുമെന്ന് ഇതോടെ ഉറപ്പായി. ടൗൺ എ.ജിയിലെ പാസ്റ്റർ കുറ്റക്കാരനാണെന്നു വരുത്തിത്തീർത്താൽ ഡിഫെൻഡർ മിണ്ടാതിരിക്കുമെന്ന് ടി.ജെയുടെ ഭാര്യക്കു തോന്നി. അങ്ങനെയാണ് അവർ റ്റി.എസ്.ബാലനെ ഫോണിൽ വിളിച്ചത്. സംഭവത്തിൽ ഉൾപ്പെട്ടതായി പറയപ്പെടുന്ന സ്ത്രീയുടെ കസിനാണ് എന്നു പറഞ്ഞാണ് ടി.ജെയുടെ ഭാര്യ സംസാരിച്ചത്. പക്ഷേ പ്രതീക്ഷിച്ച പ്രതികരണമല്ല ബാലനിൽ നിന്ന് ഉണ്ടായത്. അതോടെ ബാലനെ ഭീഷണിപ്പെടുത്താനായി ശ്രമം. അതും വിജയിക്കാതെ വന്നപ്പോൾ ഫോൺ താഴെവച്ചു. ഉടൻ തന്നെ ബാലൻ അതേ നമ്പറിലേക്കു തിരിച്ചുവിളിച്ചു. ഫോണെടുത്തത് ടി.ജെയുടെ മകനാണ്. ബാലന്റെ ശബ്ദം കേട്ടപ്പോൾത്തന്നെ അയാൾ ഫോൺ വച്ചു. അതിനുശേഷം ബിൻസി ബാലനെ ഫോണിൽ വിളിച്ചു. ഏതോ ഓഫീസിലേക്കാണ് ബാലൻ വിളിച്ചതെന്ന ധാരണയുണ്ടാക്കാനായി ബിൻസി അമേരിക്കൻ ഇംഗ്ലീഷിൽ സംസാരിച്ചു. ''ആരോ ഞങ്ങളുടെ ഓഫീസിലേക്ക് ഇപ്പോൾ വിളിച്ചു. അതാരാണ് എന്നറിയാൻ വിളിക്കയാണ് '' എന്ന് ഇംഗ്ലീഷിൽ പറഞ്ഞു. ഉചിതമായ മറുപടി കൊടുത്തപ്പോൾ ബിൻസി ഫോൺ താഴെവച്ചു.

എല്ലാം കഴിഞ്ഞപ്പോൾ ഒരു സംശയം ബാക്കി നിൽക്കുന്നു: ടി.ജെ.ശാമുവലിന് ഇതിന്റെയൊക്കെ ആവശ്യമുണ്ടായിരുന്നോ? ഭാര്യയേയും മകനേയും മരുമകളേയും വിവാദത്തിലേക്കു വലിച്ചിഴയ്ക്കുന്നത് ഒഴിവാക്കാമായിരുന്നില്ലേ?

# പതിനഞ്ചു കോടി തട്ടാനുള്ള ചാർഡലിയുടെ വിദ്യ ഫലിച്ചില്ല

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിച്ച് 15 കോടി രൂപ തട്ടാൻ ഡാക്കിട്ടർ ചാർളി നടത്തിയ ശ്രമം വിജയിച്ചില്ല. ജൂലൈ 15ന് അകം കടക്കാർക്കെല്ലാം പണം നൽകാമെന്ന കരാറിൽ കോട്ടയം കഞ്ഞിക്കുഴിയിൽ നിന്ന് സകുടുംബം മുങ്ങിയ ചാർളി പൊങ്ങിയത് മദ്രാസ്സിലാണ്. കടം വീട്ടാൻ ആവശ്യമായ പണം സ്വരൂപിക്കാൻ ചാർളി സകല അടവുകളും പയറ്റിയെങ്കിലും വിജയിച്ചില്ല. ഒടുവിൽ കോടീശ്വരിയായ ഒരു സഹോദരിയെ കണ്ടെത്തി. ചാർലിക്ക് 15 കോടി രൂപ നൽകിയാൽ ആ സഹോദരിയെ ദൈവം അത്യുഗ്രമായി അനുഗ്രഹിക്കുമെന്നു പറഞ്ഞു. പക്ഷേ ആ ദൈവം എന്തുകൊണ്ട് ചാർലിക്കു പണം കൊടുക്കുന്നില്ല എന്ന സംശയത്തിന് മറുപടി പറയാൻ ചാർളിക്കു കഴിഞ്ഞില്ല. അതിനിടയിൽ ആരോ ഡിഫെൻഡറിന്റെ പഴയ ലക്കങ്ങൾ ആ സഹോദരിക്ക് ഡൗൺലോഡ് ചെയ്തു കൊടുത്തു. അതോടെ അവർ സത്യം ഗ്രഹിച്ചു. ചാർളിയുടെ തട്ടിപ്പു പൊളിഞ്ഞു.

# കുഴിക്കാല ബോംബെയിൽ

കുഴിക്കാല സകുടുംബം ബോംബെയിലുണ്ട്. ഫിലിപ്പിന്റെ കൃപയാൽ അഷ്ടിക്കു മുട്ടില്ല. വളരെക്കാലമായി കാണാതിരുന്ന മകനെ കണ്ടതിൽ ഫിലിപ്പിന് സന്തോഷം. കഴിഞ്ഞകാലം അയവിറക്കുമ്പോൾ മഹതിക്കു കുളിര്. ആരുടേയും ശല്യമില്ലാതെ കഴിഞ്ഞുകൂടാൻ സ്ഥലം കിട്ടിയതിൽ കുഴിക്കാലയ്ക്കും സന്തോഷം. ഇനി എങ്ങനെയെങ്കിലും സൗത്ത് ആഫ്രിക്കയിലെത്തണം. അതിനുള്ള ശ്രമത്തിലാണ് ചങ്ങാതി.



# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. മുൻകൂർ ബുക്ക് ചെയ്തവർക്കെല്ലാം പുസ്തകം അയച്ചുകഴിഞ്ഞു. ആർക്കെങ്കിലും പുസ്തകം ലഭിച്ചിട്ടില്ലെങ്കിൽ 9447414608 എന്ന നമ്പറിൽ വിളിച്ച് വിവരം അറിയിക്കുക.

കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542. Phone: 0484-3232356. Mob: 9447414608.**

# സുവിശേഷകൻ സഹായം തേടുന്നു

എറണാകുളം ജില്ലയിൽ രായമംഗലം ശാരോൻ സഭയിലെ അംഗവും സുവിശേഷകനുമായ 22 വയസ്സുള്ള യുവാവ് ഹൃദയ സംബന്ധമായ അസുഖവും ശരീരത്തിലെ മാംസപേശികൾ ചുരുങ്ങുന്ന പ്രശ്നവും മൂലം ഗുരുതരാവസ്ഥയിൽ എറണാകുളത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നു. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള ഈ യുവാവിന് നിങ്ങളുടെ സഹായം ആവശ്യമുണ്ട്. സഹായിക്കാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് സഭാപാസ്റ്ററുമായി ബന്ധപ്പെടുക: പാസ്റ്റർ പൊന്നച്ചൻ: 0484-2254108, 09947475575.

# ഡിസം. 28ന് എ.ഷാജി എവിടെയായിരുന്നു?

അസംബ്ലീസ് ഓഫ് ഗോഡിന്റെ നേതാക്കൻമാരിൽ ഒരാളായ പാസ്റ്റർ എ.ഷാജി കഴിഞ്ഞ ഡിസംബർ 28ന് രാത്രി എവിടെയായിരുന്നു? പുറത്തു പറയാൻ കൊള്ളാത്തതാണെങ്കിൽ പറയണമെന്നില്ല.

എന്താ ഇപ്പോൾ ഈ വിധത്തിൽ ഒരു സംശയം തോന്നാൻ കാരണമെന്നു ചോദിച്ചേക്കാം. കാരണമുണ്ട്. 2007 ഡിസംബർ 28ന് വൈകിട്ട് ഒൻപതുമണിയായപ്പോൾ എ.ഷാജിയെ പത്തനാപുരത്തു കണ്ടവരുണ്ട്. അതിൽ എന്താണു തെറ്റ് എന്നു ചോദിച്ചേക്കാം. അല്പം തെറ്റുണ്ട്. മറ്റൊരു പാസ്റ്ററുടെ ഭാര്യയും ഷാജിയോടൊപ്പമുണ്ടായിരുന്നു എന്നതാണ് പ്രശ്നം. ഇരുവരും അന്നുരാത്രി എവിടെയാണു കഴിഞ്ഞതെന്ന് ഷാജി തന്നെ പറയട്ടെ. (പറഞ്ഞില്ലെങ്കിൽ ഞങ്ങൾ പറയും).

ഇങ്ങനെയൊന്നും നടന്നിട്ടില്ല എന്നു പറഞ്ഞ് ഡിഫെൻഡറിനെ കബളിപ്പിക്കാം എന്നു ഷാജി കരുതരുത്. കാരണം, ഷാജി ഊഹിക്കുന്നതിലധികം കാര്യങ്ങൾ ഡിഫെൻഡർ അറിഞ്ഞുകഴിഞ്ഞു. അതൊക്കെ പുറത്തു പറയാൻ തന്നെയാണ് തീരുമാനം. പരസ്യമായി വ്യഭിചരിച്ചു നടന്ന മരുമകനായ പാസ്റ്റർക്കെതിരെ ഷാജി നടപടി എടുത്തില്ലെന്നു മാത്രമല്ല അവനെ പാലായിലേക്ക് അയച്ച് വീണ്ടും വ്യഭിചാരത്തിനുള്ള അവസരം ഒരുക്കുകയും ചെയ്തു. എൻ.ജി.രാജു എന്ന പരമ വ്യഭിചാരിയുടെ തോന്ന്യാസങ്ങൾക്കെതിരെ ശബ്ദമുയർത്തിയവരെ ഷാജി ശിക്ഷിക്കയും എൻ.ജി.രാജുവിനെ സംരക്ഷിക്കയും ചെയ്തു. ഇങ്ങനെയുള്ള ഷാജി സഭാനേതൃത്വത്തിൽ ഇരിക്കാൻ പാടില്ല.

# സാമച്ചനു സുഖം തന്നെ

അമേരിക്കയിൽ വിഡ്ഢികൾ ഏറെയുള്ളതുകൊണ്ട് സാമച്ചന് അമേരിക്കയിൽ പരമസുഖം. പ്രോഗ്രാമിനു കുറവില്ല. പണത്തിനു കുറവില്ല. ആകെക്കൂടി കുശാൽ.

പേരുവിളിക്കൽ ശുശ്രൂഷ, പ്രവചനശുശ്രൂഷ, രോഗശാന്തി ശുശ്രൂഷ തുടങ്ങിയതൊക്കെ അതിഗംഭീരമായി നടക്കുന്നു. എല്ലാം കണ്ട് ജനം വണ്ടറടിക്കുന്നു. സാമച്ചന്റെ പോക്കറ്റ് നിറയുന്നു. ബാങ്കിൽ നിന്നു ലോണെടുത്താണ് സഭാഹാൾ പണിതതെന്നും അതിന്റെ ഗഡുക്കൾ കൃത്യമായി അടയ്ക്കാൻ കഴിയുന്നില്ലെന്നും മറ്റും സാമച്ചൻ പറയുന്നതുകേട്ട് ജനം കൈയ്യയച്ച് സംഭാവന നൽകുന്നു.

ഇതിനിടയിൽ കരവാളൂരിലും ചില വിശേഷങ്ങളുണ്ടായി. ടി.ജെ.ശാമുവലിന്റെ വീട്ടിൽ അന്വേഷണത്തിനെത്തിയ പോലീസ് സാമച്ചന്റെ വാസസ്ഥലത്തും അന്വേഷണം നടത്തി. സാമച്ചൻ അമേരിക്കയിലായതുകൊണ്ട് കൂടുതൽ അന്വേഷണം സാമച്ചൻ മടങ്ങി വന്ന ശേഷമാകാമെന്നു തീരുമാനിച്ചിരിക്കയാണ്.

# രാജു അച്ചനെ അറിയാമോ?



ഈ ഫോട്ടോയിൽ കാണുന്ന രാജു അച്ചൻ (മണർകാട്) എന്ന വ്യക്തിയെ അറിയാമോ? കേട്ടുകേഴ്‌വിയുണ്ടോ എന്നല്ല നേരിട്ടറിയാമോ എന്നാണ് ചോദിക്കുന്നത്. അറിയാവുന്നവർ ദയവായി ഡിഫെൻഡറിന് വിവരം തരിക.

എന്തുകൊണ്ടാണ് ഇങ്ങനെയൊരു ചോദ്യം ചോദിക്കുന്നതെന്നു വിശദീകരിക്കാം. ഇദ്ദേഹം ഇപ്പോൾ ഇംഗ്ലണ്ടിലുണ്ട്. അവിടെ വിവിധ സ്ഥലങ്ങളിലായി പ്രസംഗിക്കുന്നു. ഇന്റർനെറ്റിൽ വലിയ പരസ്യങ്ങൾ കാണുന്നുമുണ്ട്. പക്ഷേ ഇങ്ങനെയൊരാളേക്കുറിച്ച് നാളിതുവരെ കേട്ടിട്ടില്ല. കോട്ടയത്തും മണർകാട്ടും ഉള്ള പലരോടും അന്വേഷിച്ചിട്ടും ഫലമുണ്ടായില്ല. അതുകൊണ്ടാണ് പരസ്യമായ ഒരു അന്വേഷണം നടത്തുന്നത്. ഇദ്ദേഹം അച്ചനായിരുന്നു എന്നതും ഇപ്പോൾ വീണ്ടും ജനനം പ്രാപിച്ച ദൈവപൈതലാണെന്നതും സത്യമാണെങ്കിൽ നല്ലത്. ഡിഫെൻഡറിന്റെ പിൻതുണ തീർച്ചയായും ഉണ്ടാകും. പക്ഷേ വിശദമായ അന്വേഷണം നടത്തി വസ്തുതകൾ ബോധ്യപ്പെട്ടശേഷം മാത്രമേ ഡിഫെൻഡറിന് രാജു അച്ചനു പിൻതുണ നൽകാൻ പറ്റൂ.

# പിസിനാക്കിൽ ഉരുളൽ ശുശ്രൂഷ

പിള്ളേളരുകളിയിലൂടെ പിണ്ണാക്കായി മാറിയിരിക്കുന്ന അമേരിക്കൻ മലയാളി പെന്തക്കോസ്ത് കോൺഫ്രൻസിൽ ഉരുളൽ ശുശ്രൂഷ നടന്നു. സത്യത്തിൽ ഇത് ഒരു ശുശ്രൂഷയല്ല വെറും കളിയാണ്. പക്ഷേ പെന്തക്കോസ്തുകാർ എന്തു ചെയ്താലും അതു ശുശ്രൂഷയാണല്ലോ. അതുകൊണ്ട് ഇതിനേയും ശുശ്രൂഷയെന്നു വിളിക്കയാണ്.

ഇത്രയുമൊക്കെ പറഞ്ഞിട്ടും സംഗതി എന്താണെന്നു പിടികിട്ടിക്കാണില്ല, അല്ലേ? എങ്കിൽ വിശദമായി പറയാം. പിണ്ണാക്ക് സമ്മേളനത്തിൽ പങ്കെടുത്ത ചില പിള്ളേളർക്ക് ഒരു മോഹം: തികച്ചും വ്യത്യസ്തമായ ഒരു കളി വേണം. തിന്നതൊക്കെ എല്ലിനിടയിൽ കയറുമ്പോൾ ആർക്കായാലും ഇങ്ങനെയൊക്കെ തോന്നിപ്പോകും. അതുകൊണ്ട് പിണ്ണാക്കുപിള്ളേളരെ പഴി പറഞ്ഞിട്ടു കാര്യമില്ല. അങ്ങനെ വളരെ ആലോചിച്ച് അവർ ഒരു പുതിയ കളി കണ്ടുപിടിച്ചു. ഒരു ചെറുക്കനും ഒരു പെണ്ണും കൂടി ഉരുളുക. ഏറ്റവും കൂടുതൽ ദൂരം ഉരുളുന്ന ആൾ ജയിക്കുന്നു. അങ്ങനെ അവർ ഉരുണ്ടുകളിച്ചു. ഡിഫെൻഡർ വെറുതെ തമാശ പറയുകയാണെന്നു കരുതുന്നവർ സംഭവം നേരിൽ കാണൂ: http://www.youtube.com/watch?v=a-h9rsvwQ_w

# ബഥേലിനു പത്രക്കാരെ കിട്ടിയില്ല



ബഥേൽ പി. ജേക്കബ്ബിന് ഈയിടെയായി കഷ്ടകാലമാണ്, ജ്യോതിഷക്കാരുടെ ഭാഷയിൽ പറഞ്ഞാൽ ശനിദശ. ഡിഫെൻഡറിന്റെ ശല്യം കാരണം മന:സമാധാനമായിട്ട് ഒന്നു വ്യഭിചരിക്കാൻ പോലും പറ്റുന്നില്ല. മുള്ള് മുള്ളുകൊണ്ട് എടുക്കണം എന്നാണല്ലോ ചൊല്ല്. അതുകൊണ്ട് ഡിഫെൻഡറിനെ പത്രംകൊണ്ടുതന്നെ ഒതുക്കണം.

പെന്തക്കോസ്ത് സമ്മേളനങ്ങൾ പ്രമാണിച്ച് കുറെ പത്രക്കാർ അമേരിക്കയിൽ എത്തിയിട്ടുണ്ട്. അവരെ പണം കൊടുത്തു വശീകരിക്കാൻ ബഥേൽ തീരുമാനിച്ചു. ഓരോരുത്തരെയായി സമീപിച്ച് പ്രശ്നം അവതരിപ്പിച്ചു. പക്ഷേ എത്ര രൂപ കിട്ടിയാലും ഡിഫെൻഡറിനെതിരെ എഴുതാൻ ആർക്കും ധൈര്യമില്ല. ബഥേലിനെ വാഴ്ത്തി സപ്ലിമെന്റ് ഇറക്കാൻ പോലും തയ്യാറല്ല.



ബിലീവേഴ്സ് ജേർണലിൽ ഗ്രീക്ക് പാഠം – വാർത്ത

# തോമസ്കുട്ടി പറയുന്നത് ശരിയല്ല

വചനഘോഷണം എന്ന പത്രമിറക്കുന്ന തോമസ്കുട്ടി (റാന്നി) തട്ടിപ്പുകാരനാണെന്ന വസ്തുത ഡിഫെൻഡർ പലവട്ടം എഴുതിയിട്ടുള്ളതാണ്. എന്നാൽ ഡിഫെൻഡറുമായി ഒത്തുതീർപ്പുണ്ടാക്കിയെന്നും ഇനിയും ഡിഫെൻഡർ തനിക്കെതിരെ എഴുതുകയില്ലെന്നും മറ്റും തോമസ്കുട്ടി പറഞ്ഞു നടക്കുന്നതായി അറിയാൻ കഴിഞ്ഞു. അതുകൊണ്ടു പറയട്ടെ: തോമസ്കുട്ടിയുമായി ഡിഫെൻഡർ ഒരുവിധത്തിലുള്ള ഒത്തുതീർപ്പും ഉണ്ടാക്കിയിട്ടില്ല. ഇത്തരം തട്ടിപ്പുകാരുമായി ഡിഫെൻഡർ ഒരുവിധ ഒത്തുതീർപ്പും ഉണ്ടാക്കുകയുമില്ല. അതുകൊണ്ട് തോമസ്കുട്ടി പറയുന്നതു കള്ളമാണ്.

# വിശ്വാസ സംരക്ഷകർ സജീവം

വിശ്വാസ സംരക്ഷകരുടെ ഗ്യാസ് പോയെന്ന് ഈയിടെ ഒരു പെന്തക്കോസ്ത് പത്രത്തിൽ കണ്ടു. സംഗതി ശരിയായിരിക്കുമെന്ന് കരുതുകയും ചെയ്തു. മൂന്നാഴ്ച മുൻപു നടന്ന ഒരു മീറ്റിംഗിൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാം, കാനം അച്ചൻ തുടങ്ങിയവർ പങ്കെടുത്തില്ല എന്ന വസ്തുത ചൂണ്ടിക്കാട്ടിയാണ് അപ്പോളജിസ്റ്റുകൾ മരിച്ചതായി പത്രം പ്രഖ്യാപിച്ചത്. പക്ഷേ ആ കണ്ടുപിടുത്തം ശരിയല്ലെന്ന് ഇപ്പോൾ അറിവായി. വിശ്വാസ സംരക്ഷകർ കഴിഞ്ഞയാഴ്ച കുമ്പനാട് ഹെബ്രോൻ ബംഗ്ലാവിൽ യോഗം കൂടിയെന്നു മാത്രമല്ല പ്രസിഡന്റായ ടി.എസ്.ഏബ്രഹാമും കാനം അച്ചനും ഉൾപ്പെടെയുള്ളവരെല്ലാം പങ്കെടുക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ അപ്പോളജിസ്റ്റുകളുടെ നിര്യാണവാർത്തയുടെ പിന്നിൽ ആരാണു കളിച്ചത്? ചത്തത് അപ്പോളജിസ്റ്റുകളാണെങ്കിൽ കൊന്നത് 'കേസികൻ' ആയിരിക്കുമല്ലോ.

# എം. എ. വർഗീസ് വെട്ടിലായി

മഹാപരിശുദ്ധനായ എം.എ.വർഗീസ് ഇത്തവണ ശരിക്കും വെട്ടിലായിരിക്കയാണ്. ഊതിവീഴ്ത്തും ഉന്തിവീഴ്ത്തും ശാപം പൊട്ടിക്കലും മറ്റുമായി ഉലകം ചുറ്റി നടന്ന ഈ ചുമ്മാ ശാസ്ത്രജ്ഞൻ സാധുക്കളെ കബളിപ്പിച്ച് കോടികൾ സമ്പാദിച്ചു. കൂടാതെ, സഭയുടെ പേരുപറഞ്ഞും പിരിവു നടത്തി. പക്ഷേ ഇപ്പോൾ കാര്യങ്ങളാകെ കീഴ്മേൽ മറിഞ്ഞിരിക്കയാണ്. സഭയുടേതെന്നു കരുതിയിരുന്ന സ്ഥലവും കെട്ടിടങ്ങളും എം.എ.വർഗീസിന്റെ സ്വകാര്യസ്വത്താണെന്ന വസ്തുത ഞെട്ടലോടെയാണ് പാവം വിശ്വാസികൾ മനസ്സിലാക്കിയത്. വിശദീകരണങ്ങൾ നിരത്തി പാപത്തെ വെള്ളപൂശാൻ എം.എ.വർഗീസ് നടത്തിയ ശ്രമങ്ങൾ വിജയിച്ചുമില്ല. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ കുര, വിശുദ്ധ ചിരി, ശാപം പൊട്ടിക്കൽ തുടങ്ങിയതൊന്നും ഫലിക്കുന്ന മട്ടില്ല.

# പിൻകോഡ്: എന്ത്? എന്തിന്?

**കെ.കെ.ഡേവീസ്**

അസിസ്റ്റന്റ് ഡയറക്ടർ (മെയിൽസ്)

എറണാകുളം – 682 011

പോസ്റ്റൽ ഇൻഡക്സ് നമ്പർ ആണ് പിൻ എന്ന പേരിൽ അറിയപ്പെടുന്നത്. ഇന്ത്യയിലെ തപാൽ വിതരണമുള്ള എല്ലാ പോസ്റ്റ് ഓഫീസുകൾക്കും പിൻ കോഡ് നൽകിയിട്ടുണ്ട്. ഇന്ത്യയെ എട്ടു ഭൂവിഭാഗമായി തിരിച്ച് ഒന്നു മുതൽ എട്ടുവരെയുള്ള നമ്പറുകൾ നൽകിയിരിക്കുന്നു. പിൻകോഡിലെ ആദ്യ അക്ഷരം ഈ നമ്പറാണ്. ഉദാഹരണത്തിന് 6 എന്ന അക്കത്തിൽ ആരംഭിക്കുന്ന പിൻകോഡുള്ള പോസ്റ്റ് ഓഫീസ് കേരളത്തിലോ തമിഴ്നാട്ടിലോ ഉള്ളതായിരിക്കും. തുടർന്നുള്ള രണ്ടക്കങ്ങൾ കൂടി ചേരുമ്പോൾ സോർട്ടിംഗ് ജില്ലയായി. റവന്യൂ ജില്ലയിൽ നിന്നു വ്യത്യസ്ഥമാണ് പോസ്റ്റൽ ഡിപ്പാർട്ട്മെന്റിലെ സോർട്ടിംഗ് ജില്ല. ഉദാഹരണത്തിന്, എറണാകുളം എന്ന റവന്യൂ ജില്ലയിൽ കൊച്ചി–എറണാകുളം സോർട്ടിംഗ് ജില്ലക്ക് 682 എന്നാരംഭിക്കുന്ന നമ്പറും ആലുവ സോർട്ടിംഗ് ജില്ലക്ക് 683 എന്നാരംഭിക്കുന്ന നമ്പറും നൽകിയിരിക്കുന്നു. 671 എന്നത് കാസർകോഡും 680 എന്നത് തൃശൂരും 695 എന്നത് തിരുവനന്തപുരവുമാണ്. തുടർന്നുള്ള മൂന്നക്കങ്ങൾ സോർട്ടിംഗ് ജില്ലയിലുള്ള ഒരു നിശ്ചിത പോസ്റ്റ് ഓഫീസിനെ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന് 683 542 എന്ന പിൻകോഡിലെ 683 എന്നത് ആലുവ സോർട്ടിംഗ് ജില്ലയേയും 542 എന്ന സംഖ്യ പെരുമ്പാവൂർ പോസ്റ്റ് ഓഫീസിനേയും സൂചിപ്പിക്കുന്നു. ഇത് 541 എന്നായാൽ കീഴില്ലം പോസ്റ്റ് ഓഫീസായി. കീഴില്ലം പോസ്റ്റ് ഓഫീസിനു കീഴിലുള്ള ചെറിയ പോസ്റ്റ് ഓഫീസുകൾക്കും ഇതേപിൻകോഡുതന്നെയാണ് നൽകിയിട്ടുള്ളത്.

ഒരേ പേരിൽ ഒന്നിലധികം സ്ഥലമുള്ളപ്പോൾ അവയെ തിരിച്ചറിയാൻ പിൻകോഡ് സഹായിക്കുന്നു. ഉദാഹരണത്തിന്, പാലക്കാട്, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ കുമാരനല്ലൂരുണ്ട്. ഇവയ്ക്ക് യഥാക്രമം 679 552, 686 016, 673 602 എന്നിങ്ങനെ പിൻകോഡ് നൽകിയിട്ടുള്ളതുകൊണ്ട് തപാൽ ഉരുപ്പടികൾ വഴിതെറ്റുന്നത് ഒഴിവാക്കാൻ സാധിക്കുന്നു. മേൽവിലാസമുള്ളവരെല്ലാം, പ്രത്യേകിച്ച് സ്ഥാപനങ്ങൾ അവരുടെ ലറ്റർ പാഡ്, വിസിറ്റിംഗ് കാർഡ്, റബ്ബർ സ്റ്റാമ്പ്, രസീതുകൾ തുടങ്ങിയവയിലെല്ലാം പോസ്റ്റ് ഓഫീസിന്റെ പേരും പിൻകോഡും ചേർക്കാൻ ശ്രദ്ധിക്കണം. പിൻകോഡ് എഴുതുമ്പോൾ ആദ്യത്തെ മൂന്നക്കങ്ങൾക്കും രണ്ടാമത്തെ മൂന്നക്കങ്ങൾക്കും ഇടയിൽ ഒരു സ്പേസ് ഇടുന്നത് സോർട്ടിംഗിന് സഹായകമാകും. കൂടുതൽ വിവരങ്ങൾക്ക് www.indiapost.gov.in എന്ന വെബ്സൈറ്റ് നോക്കുക.

# മോനായി ബഹുകഷ്ടത്തിൽ

സി.പി.മോനായി എന്ന മോഷണായിയുടെ കാര്യം ബഹുകഷ്ടത്തിലാണെന്ന് അമേരിക്കയിൽ നിന്നുള്ള റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. കാര്യമായ പണിയൊന്നുമില്ലാതെ ഈ ചങ്ങാതി അമേരിക്കയിൽ കുത്തിയിരിക്കയാണ്.

ഒട്ടേറെ സ്വപ്നങ്ങളുമായാണ് മോനായി അമേരിക്കയിലെത്തിയത്. അഞ്ചുലക്ഷം വായനക്കാരുള്ള സുഭാഷിതത്തിന് വരിസംഖ്യ പിരിക്കാം. പരസ്യം വകയിൽ നല്ലൊരു തുക തട്ടാം. അവാർഡ് നൽകി ലക്ഷങ്ങൾ സമ്പാദിക്കാം. എല്ലാ സഭകളിലും പ്രസംഗിച്ച് വിലസാം. അങ്ങനെ എന്തെല്ലാം സ്വപ്നങ്ങൾ. പക്ഷേ ഈ സ്വപ്നങ്ങളൊന്നും പൂവണിഞ്ഞില്ല. ഡിഫെൻഡറിന് അമേരിക്കയിൽ അയ്യായിരത്തിലധികം വായനക്കാരുണ്ടെന്ന് അമേരിക്കയിൽ എത്തിയപ്പോഴാണ് മോനായി അറിഞ്ഞത്. എവിടെ ചെന്നാലും ഡിഫെൻഡറിലെ വാർത്തയേക്കുറിച്ചാണ് ചോദ്യം. മറുപടി പറഞ്ഞു മടുത്തു. അതിനിടയിലാണ് മംഗളം പത്രത്തിലും മംഗളം വാരികയിലും മോഷണായി വാർത്തയായത്. ഡിഫെൻഡർ അതും അമേരിക്കയിൽ പ്രചരിപ്പിച്ചു. ഐ.പി.സി ഫാമിലി കോൺഫ്രൻസിന് സ്റ്റാളിട്ട് വരിസംഖ്യ പിരിക്കാൻ നടത്തിയ ശ്രമം വിഫലമായി. അതുകൊണ്ട് പെന്തക്കോസ്ത് കോൺഫ്രൻസിനു പോയതുമില്ല. ഇപ്പോൾ ഗതികിട്ടാപ്രേതം പോലെ അമേരിക്കയിലൂടെ അലഞ്ഞു നടക്കുകയാണ് പാവം മോനായി. ഡിഫെൻഡറുമായി ഏറ്റുമുട്ടാൻ ഇറങ്ങിത്തിരിച്ചതിൽ ഈ ചങ്ങാതി ഇപ്പോൾ ശരിക്കും ദു:ഖിക്കുന്നുണ്ട്. പക്ഷേ ഇനി പറഞ്ഞിട്ടു പ്രയോജനമില്ലല്ലോ.

# പാപം ചെയ്തവൻ അകത്ത് പാപത്തെ എതിർത്തവൻ പുറത്ത്

വാദി പ്രതിയായി എന്നൊക്കെ കേട്ടിട്ടുണ്ട്. പക്ഷേ കോടതി പ്രതിയായി എന്ന് ആരും കേട്ടിട്ടുണ്ടാകില്ല. പക്ഷേ അതാണ് തോടുപുഴ എ.ജിയിൽ നടക്കുന്നത്. എൻ.ജി.രാജു എന്ന എ.ജി പാസ്റ്റർ വ്യഭിചാരം തൊഴിലാക്കി നടക്കുന്ന വാർത്ത ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഇയാൾക്കെതിരെ പരാതി ലഭിച്ചപ്പോൾ പ്രസ്ബിറ്ററും സെക്രട്ടറിയും മറ്റു ഭാരവാഹികളും ചേർന്ന് അന്വേഷണം ആരംഭിച്ചു. അവർ നടത്തിയ പ്രാരംഭ തെളിവെടുപ്പിൽ എൻ.ജി.രാജുവിനെതിരെ പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്നു കണ്ടു. അതുകൊണ്ട് പ്രശ്നം മേൽഘടകത്തിലേക്കു റഫർ ചെയ്തു. അന്വേഷിക്കാനെത്തിയത് ബാബു ജോർജ് റാന്നി, എ.ഷാജി തുടങ്ങിയ വിദ്വാൻമാരാണ്. അവർ നടത്തിയ അന്വേഷണത്തിലും കുറ്റം തെളിഞ്ഞു. പക്ഷേ ശിക്ഷയുണ്ടായില്ലെന്നു മാത്രമല്ല പ്രാരംഭ അന്വേഷണം നടത്തിയ പ്രസാദജ് കോശിയെ (സെക്രട്ടറി) എ.ജിയിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുകയും ചെയ്തു. ഇതെന്തു മറിമായം. ഇതേപ്പറ്റി ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത് ഇതാണ്: എ.ഷാജിയുടെ ദുർന്നടപ്പു കഥകൾ പരസ്യമാക്കുമെന്നു പറഞ്ഞ് ഷാജിയെ രാജു ഒതുക്കി. രാജുവിന്റെ ഒരു മകൾ ബാബു ജോർജിന്റെ സ്ഥാപനത്തിൽ അന്തേവാസിയായിരുന്നു. ആ കുട്ടിയെ എന്തോ ദുരൂഹമായ കാരണത്താൽ മെഡിക്കൽ കോളേജിൽ ആക്കേണ്ടതായിവന്നു. ഈ സംഭവം കുത്തിപ്പൊക്കുമെന്നു ഭീഷണിപ്പെടുത്തി ബാബു ജോർജിനേയും ഒതുക്കി. സെക്രട്ടറിയെ ശിക്ഷിപ്പിക്കയും ചെയ്തു.

# സമാനതകളില്ലാത്ത പരമ നീചൻ

കെ.സി.ജോണിന്റെ അഭിമുഖത്തിന് ആമുഖമായി ഹാലേലൂയ്യായിൽ കൊടുത്തിരുന്ന വാചകങ്ങളാണ് ഈ കുറിപ്പിന് ആധാരം. നേതാക്കൻമാരുടെ കാലു തിരുമ്മി അഷ്ടിക്കുള്ള വഹ കണ്ടെത്തുന്നവർ പെന്തക്കോസ്തിൽ ഏറെയുണ്ടെങ്കിലും ഈ സ്തുതിഗീതം സമാനതകളില്ലാത്തതാണെന്നു പറയാതെവയ്യ. ആദ്യമായി ആ സങ്കീർത്തനം ഉദ്ധരിക്കാം:

‘‘മലയാളത്തിന്റെ പ്രിയ പ്രഭാഷകൻ റവ. ഡോ. കെ.സി. ജോൺ നാല് പതിറ്റാണ്ടിലേറെയായി ലോകമെങ്ങും യാത്രചെയ്ത് ജനലക്ഷങ്ങളോട് സുവിശേഷമറിയിക്കുന്നു. മലങ്കര കണ്ട മഹാനായ ഈ പ്രഭാഷകൻ സഭാനേതാവെന്ന നിലയിൽ ഐ.പി.സി പ്രസ്ഥാനത്തിനും ക്രിസ്ത്യൻ ലീഡറെന്ന നിലയിൽ എല്ലാ ക്രൈസ്തവ സഭകൾക്കും പ്രിയങ്കരനാണ്. സമാനതകളില്ലാത്ത ഈ ദൈവഭൃത്യൻ കാരണം കൂടാതെ എതിരാളികളാൽ നിരന്തരം ആക്ഷേപിക്കപ്പെടുകയും ചെയ്യുന്നു. തനിക്കെതിരെയുള്ള എല്ലാ അപവാദപ്രചരണങ്ങൾക്കും ദൈവവചനാടിസ്ഥാനത്തിൽ ഉള്ളുതുറന്ന മറുപടി പറയുന്നു.’’

ഈ പറയുന്നതൊക്കെ സത്യമാണെങ്കിൽ കെ.സി.ജോൺ ഉടലോടെ സ്വർഗ്ഗത്തിലേക്കു പോകുമെന്നതിനു സംശയമില്ല. പക്ഷേ ഇതു പച്ചക്കള്ളമാണെങ്കിലോ?

കെ.സി.ജോൺ മലയാളത്തിന്റെ പ്രിയ പ്രഭാഷകനാണത്രേ. ആരു പറഞ്ഞു? ഹാലേലൂയ്യായുടെ പത്രാധിപർ പറഞ്ഞു. മറ്റേതെങ്കിലും വൈതാളികരും പറഞ്ഞിട്ടുണ്ടാകാം. അതുകൊണ്ട് കെ.സി.ജോൺ മലയാളത്തിന്റെ പ്രിയ പ്രഭാഷകനാകുമോ?

കെ.സി.ജോൺ എങ്ങനെ റവയായെന്നും പിടികിട്ടുന്നില്ല. ദൈവവചനത്തിൽ ഒരു റവറന്റേയുള്ളൂ: അത് യഹോവയായ ദൈവമാണ്. He sent redemption unto his people: he hath commanded his covenant for ever: holy and reverend is his name. Psa 111:9 പക്ഷേ കെ.സി.ജോണും ഇയാളേപ്പോലുള്ള കുറച്ചധികം അലവലാതികളും റവയായി സ്വയം പ്രഖ്യാപിച്ചു നടക്കുന്നുണ്ട്.

കെ.സി.ജോൺ ഡോ ആണത്രേ. ഏഴു വർഷം മുൻപ് പുറത്തിറങ്ങിയ പെന്തക്കോസ്ത് ദൈവശാസ്ത്രത്തിൽ ഡോ.കെ.സി.ജോൺ എന്ന് എഴുതിയിട്ടുണ്ട്. അതു കഴിഞ്ഞ് മൂന്നു ദിവസത്തെ ഇടവേളയിൽ രണ്ടു ചുമ്മാ ഡോകൾകൂടി കെ.സി. ജോൺ വാങ്ങി. അങ്ങനെ മൂന്നു ചുമ്മാഡോ ഇയാൾക്കുണ്ട്. റ്റി.എസ്.ബാലന്റെ പട്ടിക്കും പൂച്ചയ്ക്കും വരെ ഇത്തരത്തിലുള്ള ഡോക്ടറേറ്റുകളുണ്ട്.

നാലു പതിറ്റാണ്ടിലേറെയായി കെ.സി.ജോൺ ഉലക പര്യടനം നടത്താൻ തുടങ്ങിയിട്ട് എന്നത് യോഗ്യതയോ അയോഗ്യതയോ അല്ല. സാത്താൻ ലോക പര്യടനം നടത്താൻ തുടങ്ങിയിട്ട് കോടിക്കണക്കിനു വർഷങ്ങളായി. കർത്താവായ യേശുക്രിസ്തു വിദേശപര്യടനം നടത്തിയതുമില്ല. സുവിശേഷം പറഞ്ഞു എന്നതാണ് മറ്റൊരു വിശേഷത. ബൈബിളിൽ സാമാന്യ ജ്ഞനമുള്ള ആർക്കും സുവിശേഷം പ്രസംഗിക്കാൻ കഴിയും. ഒരാൾ സുവിശേഷം പ്രസംഗിക്കുന്നതുകൊണ്ട് വിശുദ്ധനാണെന്നു വരുന്നില്ല.

മലങ്കര കണ്ട മഹാനായ പ്രസംഗകനാണത്രേ കെ.സി. ജോൺ. ഇതും വൈതാളികരുടെ തിരുവായ്മൊഴികൾ മാത്രമാണ്. ഇയാൾ മഹാനാണെന്ന് ഇയാളെ അറിയാവുന്ന ആരും പറയില്ല. ഒരു നീചനുവേണ്ട എല്ലാവിധ ദുർഗ്ഗുണങ്ങളും ഒത്തുചേർന്ന ഇത്തരം പടപ്പുകളെ വളരെ അപൂർവ്വമായി മാത്രമേ കാണാൻ കഴിയൂ എന്നതു മാത്രമാണ് കെ.സി.ജോണിന്റെ മഹത്വം.

സഭാ നേതാവെന്ന നിലയിൽ ഐ.പി.സി പ്രസ്ഥാനത്തിന് കെ.സി.ജോൺ പ്രിയപ്പെട്ടവനാണത്രേ. സത്യം എന്താണ്? ഓരോ ജനതയ്ക്കും അവർ അർഹിക്കുന്ന ഭരണാധികാരിയെ ലഭിക്കുന്നു എന്നൊരു ചൊല്ലുണ്ട്. അതാണ് ഐ.പി.സിയിൽ സംഭവിച്ചിരിക്കുന്നത്. അൻപതു വർഷം മുൻപുള്ള ഐ.പി.സിയല്ല ഇന്നത്തെ ഐ.പി.സി. ഉപദേശവും ജീവിതവും സൂക്ഷിക്കുന്നവരായിരുന്നു പണ്ടുള്ള ഐ.പി.സിക്കാർ. അതുകൊണ്ട് അവർക്കു ലഭിച്ചത് ആ വിധത്തിലുള്ള നേതാക്കൻമാരെ ആയിരുന്നു. പക്ഷേ ഇന്നത്തെ സ്ഥിതി അതല്ല. ഐ.പി.സി ഉൾപ്പെടെയുള്ള എല്ലാ പെന്തക്കോസ്ത് സഭകളും ആത്മീയമായി അധഃപതിച്ചുകഴിഞ്ഞു. അതുകൊണ്ട് കെ.സി. ജോണിനേപ്പോലുള്ള നീചൻമാർ നേതാക്കളാകുന്നു. ഇപ്പോഴും ഐ.പി.സിയിൽ ദൈവദാസൻമാരുണ്ട്. പക്ഷേ അവർ രാഷ്ട്രീയം കളിക്കാൻ തയ്യാറാകുന്നില്ല. അതുകൊണ്ട് ദുർഗ്ഗുണശിങ്കമായ കെ.സി.ജോൺ ഐ.പി.സിയുടെ നേതാവായി വിലസുന്നു. ഇത് കെ.സി.ജോണിന്റെ മഹത്വമല്ല ഐ.പി.സിയുടെ ഗതികേടാണ്.

ക്രിസ്ത്യൻ ലീഡറെന്ന നിലയിൽ എല്ലാ ക്രൈസ്തവ സഭകൾക്കും കെ.സി.ജോൺ പ്രിയങ്കരനാണത്രേ. ഇയാൾ കള്ളനാണെന്നതിനു വേറെ തെളിവു വേണ്ട. പാസ്റ്റർമാരായ കെ.ഇ. ഏബ്രഹാമും റ്റി.ജി.ഉമ്മനും മറ്റും സമുദായക്കാർക്കു പ്രിയങ്കരരായിരുന്നോ? ഒരുവൻ ശരിയായ പെന്തക്കോസ്തുകാരനായാൽ പള്ളിയിൽ നിന്നു മുടക്കും. നാട്ടുകാർ ഒറ്റപ്പെടുത്തും. ദാഹജലംപോലും കൊടുത്തില്ലെന്നുവരും. പെന്തക്കോസ്തിലെ ആദ്യകാല നേതാക്കൻമാരും വിശ്വാസികളും ഇതൊക്കെയാണ് അനുഭവിച്ചത്. പക്ഷേ ഇപ്പോഴിതാ സമുദായക്കാർക്കു പ്രിയങ്കരനായ ഒരു നേതാവ് ഐ.പി.സിക്ക് ഉണ്ടായിരിക്കുന്നു. എങ്ങനെയാണ് ഇയാൾ സമുദായക്കാർക്കു പ്രിയങ്കരനായത്? ഉത്തരം വ്യക്തം: സമുദായക്കാർക്ക് അഹിതമായതൊന്നും ഇയാൾ ചെയ്യില്ല. സംശയമുള്ളവർ ചവർ ചാനൽ കാണൂ. വിശ്വാസസ്നാനം, വേർപാട് തുടങ്ങിയ വിഷയങ്ങളേക്കുറിച്ചു കെ.സി. ജോണോ ഇയാളുടെ ചാനലോ മിണ്ടില്ല. ചാനലിന്റെ വെബ്സൈറ്റിലും സ്നാനം, വേർപാട് തുടങ്ങിയതൊന്നുമില്ല. ഇങ്ങനെയുള്ള ഒരു ചക്കരക്കുട്ടൻ സമുദായക്കാർക്കു പ്രിയങ്കരനായില്ലെങ്കിലല്ലേ അത്ഭുതമുള്ളൂ.

കെ.സി.ജോൺ സമാനതകളില്ലാത്തവനാണെന്നതു ശരിതന്നെ. കെ.സി.ജോണിനു തുല്യം കെ.സി.ജോൺ മാത്രം. അമ്മായിയമ്മയെ വരെ വ്യഭിചരിച്ച മറ്റൊരു പെന്തക്കോസ്ത് നേതാവുണ്ടോ? ബൈബിൾ കോളേജിൽ പഠിക്കാൻ വന്ന പെൺകുട്ടികളെയാണ് ടി.എസ്.ഏബ്രഹാം കാമപൂരണത്തിന് ഉപയോഗിച്ചത്. കെ.സി.ജോൺ ഒരുപടി കൂടി കടന്നു. ലോകമെങ്ങും സഞ്ചരിച്ച് നാലു പതിറ്റാണ്ടിലേറെയായി വ്യഭിചരിക്കുന്നു. തൊലിക്കട്ടിയുടെ കാര്യത്തിൽ കാണ്ടാമൃഗംപോലും കെ.സി.ജോണിനോടു തോൽക്കും. മറ്റാരെങ്കിലുമായിരുന്നെങ്കിൽ വീട്ടിൽ നിന്നു പുറത്തിറങ്ങാൻ പോലും തയ്യാറാകുമായിരുന്നില്ല. പക്ഷേ ഈ ജളപ്രഭു ലോകമെങ്ങുമുള്ള കൺവെൻഷൻ സ്റ്റേജുകളിൽ വിലസുകയാണ്. ഈയിടെ അമേരിക്കയിൽ നടന്ന ഐ.പി.സി ഫാമിലി കോൺഫ്രൻസിൽ ഓടിനടന്നു പ്രസംഗിക്കുന്നതിനിടയിൽ അദ്ധ്യക്ഷൻ പിടിച്ചിരുത്തിയിട്ടും ഇയാൾക്കു നാണം തോന്നിയില്ല. സ്വന്തം ഭാര്യ അസിസ്റ്റന്റ് പാസ്റ്ററോടൊപ്പം വ്യഭിചരിച്ചു നടക്കുന്ന വാർത്ത ലോകമെങ്ങും അറിഞ്ഞിട്ടും കെ.സി.ജോണിന് കുലുക്കമില്ല. ഹാലേലൂയ്യാ പറഞ്ഞതു ശരിതന്നെ: കെ.സി.ജോൺ സമാനതകളില്ലാത്തവനാണ്.

കെ.സി.ജോൺ ദൈവഭൃത്യനാണെന്നും ഹാലേലൂയ്യാ കണ്ടുപിടിച്ചിരിക്കുന്നു. ആ ദൈവം ഏതാണെന്നുകൂടി പറയാമായിരുന്നു. ഏതായാലും കെ.സി. ജോണിന്റെ ദൈവം കർത്താവായ യേശുക്രിസ്തു ആകില്ല.

കാരണം കൂടാതെയാണ് കെ.സി.ജോൺ ആക്ഷേപിക്കപ്പെടുന്നത് എന്നും ഹാലേലൂയ്യാ പറയുന്നു. കെ.സി.ജോണിനെ വിമർശിക്കാൻ കാരണമുണ്ടോ എന്നത് അല്പം വിശദമായി പറയേണ്ട കാര്യമാണ്. അതുകൊണ്ട് ഈ വിഷയം ഡിഫെൻഡറിന്റെ വരും ലക്കങ്ങളിൽ വിശദമായിത്തന്നെ പറയാം.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# അവറാൻ പറഞ്ഞതും പറയാത്തതും

ഇത് അഭിമുഖങ്ങളുടെ സീസണാണ്. അതുകൊണ്ട് കെ.എ.ഏബ്രഹാമും ഒരു ഓൺലൈൻ പ്രസിദ്ധീകരണത്തിന് അഭിമുഖം കൊടുത്തു. പക്ഷേ പറഞ്ഞതിലധികം കാര്യങ്ങൾ അവറാൻ പറയാതെവിട്ടു. അതുകൊണ്ട് ഡിഫെൻഡർ പ്രതികരിക്കേണ്ടതായി വരുന്നു. സ്ഥലപരിമിതിമൂലം പ്രധാന കാര്യങ്ങൾ മാത്രം പറയാം:

ശാരോൻ ബൈബിൾ കോളേജിലും കണ്ണമ്മൂല സെമിനാരിയിലും കെ.എ.ഏബ്രഹാം വേദപഠനം നടത്തി എന്നാണ് അവകാശപ്പെടുന്നത്. ശാരോൻ ബൈബിൾ കോളേജിലെ പഠിത്തത്തിന്റെ കാര്യം പറയാതിരിക്കയാണു ഭേദം. ചാണകം വാരാനും വിറകു കീറാനും കഞ്ഞി വയ്ക്കാനും മറ്റുമാണ് ശാരോനിൽ പഠിപ്പിക്കുന്നത്. കണ്ണമ്മൂല സെമിനാരിയിൽ പഠിച്ചു എന്ന അവകാശവാദം അത്ര വിശ്വസനീയമായി തോന്നുന്നില്ല. കാരണം, കണ്ണമ്മൂലയിൽ പഠിച്ചവർക്ക് ഒരു മിനിമം നിലവാരമെങ്കിലും ഉണ്ടായിരിക്കും. കെ.എ.ഏബ്രഹാമിന് അതില്ല. ദൈവവചനം അറിഞ്ഞുകൂടാ. ഇംഗ്ലീഷ് പിടിയില്ല. ചെകുത്താൻ പോലും വണ്ടറടിച്ചുപോകുന്ന വിധത്തിലുള്ള വിവരക്കേടുകളാണ് എഴുന്നെള്ളിക്കുന്നത്. അതുകൊണ്ട് കെ.എ.ഏബ്രഹാം ദയവായി വിശദീകരിക്കണം: ഇയാൾ കണ്ണമ്മൂല സെമിനാരിയിൽ റഗുലർ വിദ്യാർത്ഥിയായി പഠിച്ചിട്ടുണ്ടോ? അതോ കൈയ്യിലുള്ള പത്താം ക്ലാസ്സിന്റെ ബലത്തിൽ സെരാംപൂരിന്റെ ബി.റ്റി.എച്ച് കോഴ്സ് എക്സ്റ്റേണലായി പഠിച്ച് കണ്ണമ്മൂലയിൽ പരീക്ഷ എഴുതുക മാത്രമാണോ ചെയ്തത്? ഈ വിധത്തിലുള്ള പഠനമാണ് നടത്തിയതെങ്കിൽ കണ്ണമ്മൂല സെമിനാരിയിൽ പഠിച്ചു എന്നല്ല അവിടെ പരീക്ഷ എഴുതി എന്നാണു പറയേണ്ടത്.

സാദ്യത് ഗോസ്പൽ മിനിസ്ട്രി ഉണ്ടാക്കിയതിനേക്കുറിച്ച് കെ.എ.ഏബ്രഹാം പറയുന്നത് ഇതാണ്: “1988ൽ ബ്രദർ സോമൻ, ഗോപാലകൃഷ്ണൻ തുടങ്ങിയ സഹോദരങ്ങൾ ഒരുമിച്ചാണ് ടീമിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അവർ ശുഭയാത്രാ മിനിസ്ട്രീസ് എന്ന പേരിൽ പുതിയൊരു ടീമിന് രൂപംകൊടുത്ത് പ്രവർത്തിക്കുന്നു. ഞാനും പാസ്റ്റർ കെ.എ.തോമസും സാദ്യത് ഗോസ്പൽ മിനിസ്ട്രി മുൻപോട്ടു കൊണ്ടുപോകുന്നു. വിദേശ വരുമാനങ്ങൾ ഒന്നുംതന്നെയില്ല.”

ഇതു വായിച്ചപ്പോൾ ചില സംശയങ്ങൾ ബാക്കിയായി. സോമനും ഗോപാലകൃഷ്ണനും സാദ്യത് മിനിസ്ട്രി ഉപേക്ഷിച്ച് പുതിയ മിനിസ്ട്രി തുടങ്ങാൻ കാരണമെന്ത്? ഈ ടീമിന് സാദ്യത് എന്ന വിചിത്രമായ പേരുണ്ടായതെങ്ങനെ? ഇത് രജിസ്ട്രേഷനുള്ള സംഘടനയാണോ? വാർഷിക വരുമാനം എത്ര? ഈ സംഘടന ആദായനികുതി കൊടുക്കുന്നുണ്ടോ? ഇങ്ങനെ ചോദ്യങ്ങൾ നിരവധിയുണ്ട്.

യോഗം നടത്താനായി ആരെങ്കിലും ടീമിനെ വിളിച്ചാൽ ചെന്ന് യോഗം നടത്തിക്കൊടുക്കും. സഭക്കാർ തരുന്ന പണം വാങ്ങും. ഇതാണു രീതി എന്ന് കെ.എ.ഏബ്രഹാം പറയുന്നു. ഇതു ശരിയാണോ? എത്ര രൂപ കിട്ടണം എന്ന് മുൻകൂട്ടി പറഞ്ഞ് തീരുമാനിച്ചിട്ടല്ലേ ടീമിന്റെ പരിപാടി ബുക്ക് ചെയ്യുന്നത്? നിശ്ചയിച്ച തുക കിട്ടാതായാൽ ഭള്ളുപറയുകയും വഴക്കുണ്ടാക്കുകയും ചെയ്യാറില്ലേ? അവറാന്റെ ടീമിനെ വിളിച്ച് പുലിവാലു പിടിച്ചവരുടെ അനുഭവ കഥകൾ ഡിഫെൻഡർ പ്രസിദ്ധീകരിച്ചേ മതിയാകൂ എന്നു നിർബ്ബന്ധമുണ്ടെങ്കിൽ അതുമാകാം.

ടീമിന്റെ മഹത്വം അവറാൻ വാഴ്ത്തിപ്പാടുന്നതുകൊണ്ട് ചില വസ്തുതകൾ പറയട്ടെ. എത്രരൂപ കിട്ടണമെന്നും എന്തൊക്കെ സൗകര്യങ്ങൾ വേണമെന്നും പറഞ്ഞുറപ്പിച്ചശേഷം മാത്രമേ അവറാനും സംഘവും എത്തു.



യോഗം കഴിയുമ്പോൾ പണം കൊടുത്തിരിക്കണം. ചില്ലിക്കാശെങ്കിലും കുറഞ്ഞാൽ ചങ്ങാതിമാരുടെ വിധം മാറും. ഇവന്റെ അനുജൻ ഒരു ഗുണ്ടയാണ്. ടീമിലുള്ളവരും മോശമല്ല. ഭള്ളുപറഞ്ഞ് നാണംകെടുത്തി പണം വാങ്ങാൻ ഇവർക്കു നന്നായറിയാം. അത്യുഗ്രൻ കൺവെൻഷനായിരിക്കും ഇവർ നടത്തുക എന്നു കരുതി ഈ ഗ്രൂപ്പിനെ വിളിക്കുന്നവർ ശ്രദ്ധിക്കുക: അവറാനും സംഘത്തിലുള്ള മറ്റുള്ളവരും എഴുതി ട്യൂൺ ചെയ്ത അസംബന്ധങ്ങളാകും പാട്ട് എന്ന പേരിൽ അലറുക. എന്താണു പാടിയതെന്ന് കേട്ടവർക്കോ പാടിയവർക്കുതന്നെയോ പിടികിട്ടുകയില്ല. അവറാൻ എണ്ണമറ്റ ഗാനങ്ങൾ എഴുതി എന്നൊക്കെ പറയുന്നത് ഇത്തരം ആഭാസഗാനങ്ങളേപ്പറ്റിയാണ്. ഗാനപീഡ കഴിഞ്ഞാൽ അവറാന്റെ പ്രസംഗമാണ്. ഒരു കൺവെൻഷൻ സീസണിൽ നാലോ അഞ്ചോ പ്രസംഗങ്ങൾ തട്ടിക്കൂട്ടിയെടുക്കും. അതുതന്നെയാണ് എല്ലായിടത്തും തട്ടുക. യോഗം കഴിഞ്ഞ് പോക്കറ്റ് കാലിയായിക്കഴിയുമ്പോഴാകും കബളിപ്പിക്കപ്പെട്ട വിവരം സംഘാടകർ അറിയുക. അതുകൊണ്ടു സൂക്ഷിക്കുക: ഇവൻമാരെ വിളിച്ച് ആപ്പിലാകരുത്.

ഇന്ത്യയിൽ അഞ്ചു പ്രാവശ്യം സുവിശേഷയാത്ര നടത്തിയെന്നാണ് കെ.എ.ഏബ്രഹാം പറയുന്നത്. അതിന്റെ രഹസ്യം പിടികിട്ടിയോ? ഇല്ലെങ്കിൽ പറയാം. മഴക്കാലമാരംഭിക്കുന്നതോടെ കേരളത്തിൽ കൺവെൻഷനുകൾ ഇല്ലാതാകും. ജൂൺ മുതൽ നവംബർ വരെയുള്ള ആറുമാസക്കാലം ടീമിന് പണിയൊന്നുമില്ല. അഷ്ടിക്കുള്ള വക കണ്ടെത്തണം. അതിനാണ് ഭാരത പര്യടനം. ടീമിന്റെ വണ്ടിയിൽ യാത്ര തിരിക്കും. ഏതു ദേശത്തു ചെന്നാലും അവിടെയുള്ള പെന്തക്കോസ്ത് സഭയിലെത്തും. ഭക്ഷണവും താമസ സൗകര്യവും തന്നാൽ കൺവെൻഷൻ നടത്തി കൊടുക്കുമെന്നു പറയും. അങ്ങനെ ആ സഭയിൽ മൂന്നോ നാലോ ദിവസം കൺവെൻഷൻ നടത്തും. സ്തോത്രക്കാഴ്ച പിരിക്കും. യാത്ര പറയുന്ന സമയത്ത് സഭക്കാർ ഒരു കൈമടക്കു കൊടുക്കുകയും ചെയ്യും. ഇങ്ങനെ ഓരോ സഭയേയും കൊള്ളയടിച്ച് മഴക്കാലം കഴിച്ചുകൂട്ടും. ഇതാണ് ഭാരതപര്യടനമെന്ന ത്യാഗം. അവറാന്റെ ബുദ്ധി കൊള്ളാം. ത്യാഗത്തിനു ത്യാഗവുമായി. മഴക്കാലത്ത് നല്ലൊരു തുക പോക്കറ്റിലുമായി. കുശാൽ.

തിരുവനന്തപുരത്തു വച്ച് അവറാൻ 1985ൽ ഒരു ഹോട്ടലിൽ പ്ലേറ്റ് കഴുകി. ഈ കൊല്ലം തിരുവനന്തപുരത്ത് ഒരുലക്ഷം പേരോടു പ്രസംഗിച്ചു. ഇതാണ് അവറാന്റെ അവകാശവാദം. പക്ഷേ ഇതിൽ എന്താണ് എടുത്തുപറയാനുള്ള അത്ഭുതം എന്നു മനസ്സിലാകുന്നില്ല. കൂലിപ്പണിക്കാരനായിരുന്ന കെ.എ.ഏബ്രഹാം പ്ലേറ്റ് കഴുകുന്നത് തികച്ചും സ്വാഭാവികം. പെന്തക്കോസ്തുകാരിൽ ഭൂരിപക്ഷത്തിനും വിവരമില്ലാത്തതുകൊണ്ട് അവറാൻ വിവരക്കേടു പ്രസംഗിച്ച് ജനപ്രിയനായി. ‘കൊന്നുനിൽക്കുന്നവൻ’ തിരുവനന്തപുരത്തു നടത്തിയ മാമാങ്കത്തിൽ അവറാനും പ്രസംഗിച്ചു. പിന്നെ ഒരുലക്ഷത്തിന്റെ കാര്യം: അവറാന്റെ പ്രസംഗത്തിന്റെ സി.ഡിഞങ്ങൾ കണ്ടു. ഒരുലക്ഷം എന്ന സംഖ്യ തികയണമെങ്കിൽ പത്തുകൊണ്ടു ഗുണിക്കണം.

പതാക വിവാദത്തേക്കുറിച്ചുള്ള വിശദീകരണം അസ്സലായിരിക്കുന്നു എന്നു പറയാതെ വയ്യ. ദേശീയ പതാകയ്ക്ക് ഈ വിഡ്ഢി കൊടുത്ത വ്യാഖ്യാനം പമ്പര വിഡ്ഢിത്തമാണെന്ന് ഇവനൊഴികെ എല്ലാവർക്കും മനസ്സിലായിക്കഴിഞ്ഞു. ഇന്റർനെറ്റിലൂടെ മാത്രമല്ല മൊബൈൽ ഫോണിലൂടെ വരെ ഈ വിവരക്കേട് പ്രചരിച്ചുവരുന്നു. ഇതുപോലൊരു വിഡ്ഢിത്തം അടുത്ത കാലത്തൊന്നും ആരും പ്രസംഗിച്ചിട്ടില്ല. എന്നിട്ടും അവറാൻ വീണിടത്തു കിടന്ന് ഉരുളുകയാണ്. പതാകയേക്കുറിച്ചു പറയേണ്ടിയിരുന്നില്ല എന്നുമാത്രമാണ് ഇയാൾ അഭിമുഖത്തിൽ പറയുന്നത്. പതാകയ്ക്കു വികലമായ വ്യാഖ്യാനം നൽകി അവഹേളിച്ചത് തെറ്റായിപ്പോയി എന്നു പറയുന്നില്ല. അടിക്കാനും ഇടിക്കാനും കൊല്ലാനും നടക്കുന്നവന്റെ പ്രതീകമാണോ പതാകയിലെ കുങ്കുമവർണ്ണം? നാലു പുത്തനുള്ളവനാണോ പച്ചനിറം? വെള്ള എന്നത് പെന്തക്കോസ്തുകാരനാണോ? ശോകം മാറ്റുന്ന ചക്രമാണോ അശോകചക്രം? ഇതൊക്കെ ശുദ്ധ വിവരക്കേടാണെന്നും ഇങ്ങനെ പറഞ്ഞതിൽ ഖേദിക്കുന്നു എന്നും പറയാൻ എന്താ ഇത്ര മടി?

അരിയും തിന്ന് ആശാരിച്ചിയേയും കടിച്ചിട്ടും പട്ടിക്കു മുറുമുറുപ്പ് എന്നു പറഞ്ഞതുപോലെ ഈ തോന്ന്യാസങ്ങളെല്ലാം പറഞ്ഞിട്ടും പതാകപ്രശ്നം വിവാദമാക്കിയവരെയാണ് അവറാൻ പഴിക്കുന്നത്. അവർ ചെയ്തതു മഹാപാപമാണത്രേ. ഈ രാജ്യദ്രോഹിക്കെതിരെ കേസ്സ് കൊടുക്കാതിരുന്നത് തെറ്റായിപ്പോയി എന്ന് ഇപ്പോൾ തോന്നുന്നു.

ദേശീയ പതാകയെ വികലമായി വ്യാഖ്യാനിച്ചപ്പോൾ പ്രതിഷേധം ഉയർന്നതു സ്വാഭാവികം. പക്ഷേ ദൈവവചനത്തെ ഈ വിഡ്ഢി ഇതിലധികമായി അവഹേളിച്ചിട്ടും ദൈവമക്കൾ പ്രതികരിക്കുന്നില്ല. അതുകൊണ്ട് ഇവൻ വീണ്ടും വീണ്ടും വിവരക്കേട് പ്രസംഗിക്കുന്നു. മിനിട്ടിന് ഒരു വിഡ്ഢിത്തം എന്ന ക്രമത്തിലാണ് കെ.എ.ഏബ്രഹാം വിഡ്ഢിത്തം പ്രസംഗിക്കുന്നത്.

പവ്വർ വിഷനിൽ കെ.എ ഏബ്രഹാമിന്റെ മൂന്നു പ്രസംഗങ്ങൾ ആഴ്ചതോറും ഉണ്ടെന്ന് അഭിമുഖത്തിന്റെ ആമുഖത്തിൽ പറയുന്നു. ശുദ്ധ കള്ളമാണിത്. ആദ്യകാലങ്ങളിൽ ഇങ്ങനെ ഉണ്ടായിരുന്നു. തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ അവറാൻ പ്രസംഗിക്കും. ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ഈ പ്രസംഗങ്ങൾ പുന:സംപ്രേക്ഷണം ചെയ്യും. ഏതാനും മാസം മുൻപ് വെള്ളി, ശനി ദിവസങ്ങളിലെ പ്രസംഗം ഇല്ലാതായി. ഇപ്പോൾ തിങ്കൾ, ചൊവ്വ ദിവസങ്ങളിലും പ്രസംഗമില്ല. ചുരുക്കി പറഞ്ഞാൽ ആഴ്ചയിൽ ഒരു ദിവസം മാത്രമേ ബാക്കിയുള്ളൂ. ബുധനാഴ്ച പ്രസംഗിക്കുന്നത് വ്യാഴാഴ്ച പുന:സംപ്രേക്ഷണം ചെയ്യും. ഇങ്ങനെ പച്ചക്കള്ളം എഴുതുന്നത് ഒരു പത്രത്തിനും ഭൂഷണമല്ല. ആരൊക്കെ വാഴ്ത്തിപ്പാടിയാലും ഇനി അവറാന് പിടിച്ചു നിൽക്കാനാവില്ല. ഇവൻ ഒരു പമ്പര വിഡ്ഢിയാണെന്ന സത്യം പൊതുജനം അറിഞ്ഞുകഴിഞ്ഞു.





RNI No. 68089 / 97
2008 August 1

THE DEFENDER

REGISTERED
KL/ALY/0031/2006-08

# കെ.സി.ജോണേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു

കത്തോലിക്കാ സഭയിൽ ഒട്ടേറെ വാഴ്ത്തപ്പെട്ടവരും അതിലധികം വിശുദ്ധരുമുണ്ട്. ഓർത്തഡോക്സ് സഭയിൽ പരുമല തിരുമേനിയുണ്ട്. പെന്തക്കോസ്തിൽ ആരുമില്ല. ഇതായിരുന്നു സ്ഥിതി. പക്ഷേ ഇനിയുള്ള കഥ അങ്ങനെയല്ല. പെന്തക്കോസ്തിന് ഒരു വാഴ്ത്തപ്പെട്ടവനെ ലഭിച്ചിരിക്കുന്നു. ആര്? മലയാളത്തിന്റെ പ്രിയ പ്രഭാഷകനും നാലു പതിറ്റാണ്ടിലേറെക്കാലം ലോകമെങ്ങും യാത്രചെയ്ത് ജനലക്ഷങ്ങളോടു സുവിശേഷമറിയിച്ചവനും മലങ്കര കണ്ട മഹാനായ പ്രഭാഷകനും ഐ.പി.സിയുടെ പ്രിയ പ്രസിഡന്റും സകലമാന ക്രിസ്ത്യാനികൾക്കും പ്രിയങ്കരനും സമാനതകളില്ലാത്ത വ്യഭിചാരിയും ഏതോ ദൈവത്തിന്റെ ഭൃത്യനും കാരണം കൂടാതെ എതിരാളികളാൽ നിരന്തരം ആക്ഷേപിക്കപ്പെടുന്നവനും മൂന്നു ചുമ്മാഡോകളുടെ ഉടമയും സർവ്വോപരി റവയുമായ കെ.സി.ജോൺ ആണ് ആ ചങ്ങാതി. ഡിഫെൻഡർ ഇതൊക്കെ വെറുതെ പറയുകയാണെന്നു കരുതരുത്. സംശയമുള്ളവർ ജൂലൈ 15 ലക്കം ഹാലേലൂയ്യാ നോക്കുക. ''പാസ്റ്റർ കെ.സി.ജോൺ ഉള്ളി പൊളിക്കുന്നു...'' സോറി, ''ഉള്ളു തുറക്കുന്നു'' എന്ന തലക്കെട്ടിൽ ഒരു അഭിമുഖ സംഭാഷണം അവിടെ കാണാം. ഈ സംഭാഷണമാണ് കെ.സി.ജോണിനെ വാഴ്ത്തപ്പെട്ടവനാക്കിയത്.

ഇത്ര വലിയൊരു പുണ്യാളൻ ഈ ഭൂമിമലയാളത്തിൽ ജീവിച്ചിരിക്കുന്ന കാര്യം ഹാലേലൂയ്യാ കണ്ടപ്പോഴാണ് പിടികിട്ടിയത്. ഏതായാലും ഈ വൈകിയ വേളയിൽ ഐ.പി.സിക്ക് ഒരു പുണ്യാളനെ കിട്ടിയതിൽ ഡിഫെൻഡറിന് സന്തോഷമേയുള്ളൂ. മറഞ്ഞുകിടന്ന ഈ മാണിക്യത്തെ മാലോകർക്കു പരിചയപ്പെടുത്തിയതിൽ ഹാലേലൂയ്യായ്ക്കും അഭിമാനിക്കാം.

ഒരാളെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് കത്തോലിക്കാ സഭയിൽ ചില ചട്ടങ്ങളൊക്കെയുണ്ട്. അതിനിശിതമായ വിചാരണയാണ് അതിലൊന്ന്. സ്ഥാനാർത്ഥി വിശുദ്ധ പദവിക്കു യോഗ്യനല്ലെന്നു തെളിയിക്കാൻ എന്തെങ്കിലും പഴുതുണ്ടോ എന്നാണ് പ്രധാനമായും പരിശോധിക്കുക. പെന്തക്കോസ്തിൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നുമില്ലെങ്കിലും ജീവിക്കുന്ന പുണ്യാളനായ കെ.സി.ജോണിനെ ഹാലേലൂയ്യായിലെ അഭിമുഖത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്നത് തെറ്റാണെന്നു പറയാനാവില്ലല്ലോ. അതുകൊണ്ട് പല ലക്കങ്ങൾ നീളുന്ന ഒരു വിലയിരുത്തലിന് ഡിഫെൻഡർ തുടക്കം കുറിക്കുകയാണ്.

റാലിയേക്കുറിച്ച് കെ.സി.ജോൺ പറയുന്നു: ''ഞാൻ മാത്രം നേതൃത്വം കൊടുക്കുന്ന റാലി എന്നു പറയുന്നതു ശരിയല്ല. കേരളത്തിലെ നിലവിലുള്ള എട്ടു പ്രമുഖ പെന്തക്കോസ്ത് സഭകളുടെ ഔദ്യോഗിക നേതാക്കൾ ചർച്ച് ഓഫ് ഗോഡ് സഭയുടെ ആസ്ഥാനമായ മുളക്കുഴയിൽ ഒന്നുച്ചുകൂടി ഐക്യകണ്ഠേന എടുത്ത തീരുമാനമാണ് തിരുവനന്തപുരത്ത് പെന്തക്കോസ്തു സംഗമം നടത്തുക എന്നുള്ളത്. ഐ.പി.സിയിൽ നിന്ന് എന്നെ കൂടാതെ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.എം.ജോസഫും ആ മീറ്റിംഗിൽ ഉണ്ടായിരുന്നു.''

പെന്തക്കോസ്ത് ഐക്യമെന്നും മറ്റും പറഞ്ഞ് നേതാക്കൻമാരെ വിളിച്ചുകൂട്ടി സ്വന്തം കാര്യം നേടുന്ന കാര്യത്തിൽ വിരുതനാണ് കെ.സി.ജോൺ. പണ്ട് റ്റി.എസ്.ബാലനെതിരെ കെ.സി.ജോൺ ഇത്തരം ഒരു പെന്തക്കോസ്ത് ഐക്യവേദി ഉണ്ടാക്കിയിരുന്നു. കെ.സി.ജോണിന്റെ വ്യഭിചാരത്തിന്റെ ഇതിഹാസം ഡിഫെൻഡറിൽ അടിച്ചു വന്നപ്പോൾ ബാലനെ ഒറ്റപ്പെടുത്താനായി തട്ടിക്കൂട്ടിയതായിരുന്നു ഈ ഐക്യം. സംഗതി എന്തെന്നു മനസ്സിലാക്കാതെ ചർച്ച് ഓഫ് ഗോഡിലെ കെ.സി.ജോൺ, ന്യൂ ഇന്ത്യയുടെ തോമസ് ഫിലിപ്പ്, എ.ജിയിലെ പി.എസ്. ഫിലിപ്പ് തുടങ്ങിയവർ പങ്കെടുത്തു. ഈ തട്ടിക്കൂട്ടിന്റെ വാർത്ത എല്ലാ പെന്തക്കോസ്ത് പത്രങ്ങൾക്കും അയച്ചുകൊടുത്തു. മോനായി സൗദിയിൽ പര്യടനം നടത്തുന്ന സമയമായിരുന്നു അത്. അതുകൊണ്ട് കെ.സി.ജോൺ സാലിയോടൊപ്പം ആത്മീയതയുടെ ആഴങ്ങൾ തേടുകയും ചെയ്തിരുന്നു. ഐക്യവേദിയുടെ വാർത്ത എഴുതിയുണ്ടാക്കിയതും അത് പത്രങ്ങൾക്ക് അയച്ചതും സാലിയായിരുന്നു. ഒരു പത്രത്തിനു ലഭിച്ച വാർത്ത അവർ ഡിഫെൻഡറിനു കൈമാറി. സാലിയുടെ കൈപ്പടയിൽ എഴുതിയ ആ വാർത്ത ഇന്നും ഡിഫെൻഡറിന്റെ ഫയലിലുണ്ട്. ആവശ്യം വരുമ്പോൾ കോടതിയിൽ ഹാജരാക്കുകയും ചെയ്യും. കെ.സി.ജോണിന് സാലിയുമായുണ്ടായിരുന്ന ബന്ധത്തിന്റെ തെളിവാണിത്. ഈ ഐക്യവേദിയേക്കുറിച്ചുള്ള വാർത്ത ചില പത്രങ്ങളിൽ വരുകയും ചെയ്തു.

ഇത്രയുമൊക്കെ ആയപ്പോഴാണ് ഐക്യത്തിന്റെ പൊരുൾ നേതാക്കൻമാർക്കു തിരിഞ്ഞത്. ചർച്ച് ഓഫ് ഗോഡിലെ കെ.സി.ജോണും ന്യൂ ഇന്ത്യയിലെ തോമസ് ഫിലിപ്പും ഡിഫെൻഡറിന് ക്ഷമ എഴുതിത്തന്ന് പിൻമാറി. അവർ എഴുതിത്തന്ന കത്തുകൾ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കയും ചെയ്തു. (ആ കത്തുകൾ ഇപ്പോഴും ഡിഫെൻഡർ സൂക്ഷിച്ചു വച്ചിട്ടുണ്ട്). അതോടെ ഐക്യം ഏഴു നിലയിൽ പൊട്ടി. കെ.സി.ജോണും റ്റി.എസ്. ബാലന് ക്ഷമ എഴുതിക്കൊടുത്ത് തലയൂരി. അകാലചരമം അടഞ്ഞ ഈ ഐക്യവേദിയുടെ പുതിയ പതിപ്പാണ് ഇപ്പോഴുള്ളത്.

കെ.സി.ജോൺ എന്തു ചെയ്താലും അത് സ്വന്തം കാര്യസാദ്ധ്യത്തിനു മാത്രമായിരിക്കും. ഇപ്പോഴത്തെ റാലിവേദിയും അങ്ങനെതന്നെ. റാലിയുടെ പിന്നിലുള്ള ഉദ്ദേശ്യം എന്ത്? പറയാം:

1. കെ.സി.ജോൺ ഇപ്പോൾ ഐ.പി.സിയുടെ ജനറൽ പ്രസിഡന്റാണ്. പക്ഷേ വൽസൻ ഈ കസേരയിൽ നോട്ടമിട്ടിട്ടുണ്ട്. അതുകൊണ്ട് കെ.സി.ജോണിന്റെ കസേര സുരക്ഷിതമല്ല. ഐ.പി.സിയുടെ നേതാവു മാത്രമല്ല സകല പെന്തക്കോസ്തുകാരുടേയും നേതാവാണു താൻ എന്ന് കെ.സിക്ക് വരുത്തിത്തീർക്കണം. കെ.സിയുടെ നേതൃത്വത്തിൽ സകല പെന്തക്കോസ്തുകാരും അണിനിരന്നാൽ അതോടെ വൽസന്റെ കാറ്റുപോകും. ഇതാണ് റാലിയുടെ കാരണങ്ങളിലൊന്ന്.

2. സകല ക്രൈസ്തവസഭകളുടേയും കണ്ണിലുണ്ണിയാണ് കെ.സി ജോൺ എന്നു വരുത്തിത്തീർക്കേണ്ടത് കെ.സിയുടെ വ്യക്തിപരമായ ആവശ്യമാണ്. സകല പെന്തക്കോസ്തുകാരുടേയും നേതാവായാൽ അത് ഈ ലക്ഷ്യപ്രാപ്തിക്ക് സഹായകമാകും.

3. ഇന്ത്യയിലെ പെന്തക്കോസ്തിന്റെ പരമോന്നത നേതാവായി മാറുന്നതോടെ കെ.സി.ജോണിന് രാജ്യാന്തര തലത്തിലുള്ള മൂല്യം വർദ്ധിക്കും. സ്വന്തം പോക്കറ്റിന്റെ മൂല്യം വർദ്ധിക്കുന്നതിന് ഇത് ഏറെ സഹായകമാകും.

4. ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗത്വമെന്ന മുന്തിരിങ്ങയ്ക്കു വേണ്ടി ഈ കുറുക്കൻ ചാടാൻ തുടങ്ങിയിട്ട് മാസങ്ങൾ പലതായി. കടിക്കാൻ പോയിട്ട് നക്കാൻ പോലും കിട്ടാത്തതുകൊണ്ട് മുന്തിരിങ്ങയുടെ കയ്പ് അനുദിനം വർദ്ധിച്ചു വരുന്നുമുണ്ട്. എങ്കിലും റാലിയിലൂടെ അതിനുള്ള വഴി തുറക്കാനുള്ള സാദ്ധ്യത കെ.സി.ജോൺ സ്വപ്നം കാണുന്നു.

ഇങ്ങനെ സ്വന്തം കാര്യം നേടാനാണ് കെ.സി. സിന്താബാദ് വിളിക്കുന്നത്. പക്ഷേ തന്റെ ലക്ഷ്യം സാധിച്ചെടുക്കാൻ മറ്റു പെന്തക്കോസ്ത് നേതാക്കൻമാരുടെ സഹായം വേണം. അതിനാണ് അവരേയും കൂട്ടിയത്. ആദ്യ സമ്മേളനം എന്തുകൊണ്ട് മുളക്കുഴയിൽ നടത്തി? കുമ്പനാട്ടു നടത്തിയാൽ ടി.എസ്.ഏബ്രഹാമിനെ വിളിക്കേണ്ടതായി വരും. അങ്ങേരു വന്നാൽ പ്രസിഡന്റ് സ്ഥാനം തട്ടിയെടുക്കും. മാത്രമല്ല, മീറ്റിംഗ് നടക്കുന്നത് കുമ്പനാട്ടാണെങ്കിൽ ഇത് ഐ.പി.സിയുടെ എന്തോ കളിയാണെന്നു ധരിച്ച് മറ്റു പെന്തക്കോസ്ത് നേതാക്കൻമാർ വരാതിരിക്കും. മുളക്കുഴയിൽ സമ്മേളനം നടത്തുന്നതിലൂടെ ചർച്ച് ഓഫ് ഗോഡിന്റെ സഹകരണം ഉറപ്പാക്കുകയും ചെയ്യാം. അങ്ങനെ മുളക്കുഴയിൽ സമ്മേളനം നടത്തി. പെന്തക്കോസ്ത് ഐക്യമെന്ന ലേബലിലാണ് സമ്മേളനം നടത്തിയത്. അതുകൊണ്ട് പ്രമുഖ പെന്തക്കോസ്ത് സഭകളുടെ നേതാക്കൻമാർ പങ്കെടുക്കുകയും ചെയ്തു. പക്ഷേ ഏറെ താമസിയാതെ കള്ളി വെളിച്ചത്തായി. അതോടെ ശാരോൻ ഔദ്യോഗികമായി പിൻമാറി. ചർച്ച് ഓഫ് ഗോഡ് സഹകരിക്കുന്നില്ല. കെ.എം.ജോസഫ് വിട്ടുനിൽക്കുന്നു എന്നു മാത്രമല്ല മറുപക്ഷത്ത് ചേക്കേറുകയും ചെയ്തിരിക്കുന്നു. ടി.ജെ.ശാമുവൽ ഇപ്പോൾ ഈ കാര്യം മിണ്ടുന്നില്ല. എ.ജിയിൽ ശക്തമായ എതിർപ്പുണ്ട്. ഐ.പി.സിയിൽ ബഹുഭൂരിപക്ഷവും റാലിയെ എതിർക്കുന്നു. ചിന്നച്ചിന്ന സഭകൾ ഉള്ളതും ഇല്ലാത്തതും കണക്കാണ്. ഒന്നോ രണ്ടോ പെന്തക്കോസ്ത് പത്രങ്ങളും കെ.സിയുടെ ചില വാലാട്ടികളും മാത്രമാണ് ഇപ്പോൾ റാലിയുടെ പിന്നിലുള്ളത്. ഇതൊക്കെയാണു മാളോരേ സത്യം.

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പെന്തക്കോസ്ത് സഭകൾ ഒന്നിച്ചു നിൽക്കണമെന്ന് കെ.സി. പറയുന്നുണ്ട്. എന്താണ് ആ സാഹചര്യമെന്നു പിടികിട്ടുന്നില്ല. പെന്തക്കോസ്തിലെ കുറെ കള്ളൻമാർ തങ്ങളുടെ വീട്ടിൽ റെയ്ഡ് നടക്കുമോ എന്നു ഭയപ്പെടുന്നു. ഇതുമാത്രമാണ് കെ.സി.ജോൺ പറയുന്ന പ്രത്യേക സാഹചര്യം.

പെന്തക്കോസ്ത് ഐക്യത്തേപ്പറ്റി വാചാലനാകുന്ന ഈ വിദ്വാനാണ് പെന്തക്കോസ്ത് ഐക്യശ്രമങ്ങളുടെ ചുവട്ടിൽ എല്ലാക്കാലത്തും കോടാലി വച്ചിട്ടുള്ളത് എന്ന വസ്തുത ദൈവമക്കൾ മറന്നുപോകരുത്. സംശയമുള്ളവർ കേരളത്തിലെ പെന്തക്കോസ്ത് ഐക്യ ശ്രമങ്ങൾ എങ്ങനെ പരാജയപ്പെട്ടു എന്നു പരിശോധിക്കൂ. അപ്പോൾ കെ.സി.ജോൺ എന്ന ചുക്ക് എല്ലാ തകർപ്പൻ കഷായത്തിലുമുണ്ടായിരുന്നു എന്ന വസ്തുത വ്യക്തമാകും.

പാസ്റ്റർ ഷിബു നെടുവേലിയുടെ പേരെടുത്തു പറഞ്ഞുള്ള ഒരു ആരോപണമാണ് അഭിമുഖത്തിലെ അടുത്ത ഇനം. ഈ ആരോപണത്തിനുള്ള മറുപടി പാസ്റ്റർ ഷിബു തന്നെ പറയട്ടെ.

ഇടതുപക്ഷ സർക്കാരിനെ മറിച്ചിടുക എന്ന ഉദ്ദേശ്യം തങ്ങൾക്കില്ല എന്ന് കെ.സി. ആണയിടുന്നു. പക്ഷേ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ റാലിക്ക് പ്രസക്തി ഏറുകയാണെന്നും ഇയാൾ പറയുന്നു. കമ്യൂണിസ്റ്റ് സർക്കാർ പെന്തക്കോസ്തിലെ ചില വ്യാജൻമാർക്കെതിരായി നടപടിയെടുത്തു എന്നതാണ് ഈ പ്രത്യേക സാഹചര്യം. ഇത്തരം ഒരു സാഹചര്യത്തിൽ നടത്തുന്ന റാലി സർക്കാരിന്റെ കരങ്ങൾക്ക് ശക്തിപകരാമുള്ളതാണോ? അല്ലെന്നു വ്യക്തം. കേരളത്തിൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോഴെല്ലാം സർക്കാരിനെതിരെ പ്രവർത്തിക്കാൻ അമേരിക്കൻ പണം കേരളത്തിലേക്ക് ഒഴുകി. അൻപതു വർഷം മുൻപു നടന്ന വിമോചനസമരം അമേരിക്കൻ പണത്തിന്റെ ബലത്തിലാണു നടന്നത്. ഇന്നും അതുതന്നെ സ്ഥിതി. റാലിയുടെ മുൻനിരയിലുള്ളവരുടെ ലിസ്റ്റ് പരിശോധിക്കൂ. എല്ലാവരും അമേരിക്കൻ ഡോളറിന്റെ ബലത്തിൽ തടിച്ചു കൊഴുത്തവരാണ്. ആണ്ടിൽ ഒരിക്കലെങ്കിലും അമേരിക്കയിൽ പോകുന്നു. റാലി പ്രഖ്യാപിച്ചിട്ട് ഇവർ പോയതും അമേരിക്കയിലേക്കു തന്നെ. സർക്കാരിനെതിരെ തിരുവല്ല ശാരോനിൽ നടന്ന മീറ്റിംഗിന് നേതൃത്വം കൊടുത്തതും റാലിക്കാർ തന്നെ. റാലിയുടെ പിന്നിലെ ശക്തി ഏതെന്ന് സാമാന്യ ബുദ്ധിയുള്ളവർക്കു മനസ്സിലാക്കാൻ ഇത്രയുമൊക്കെ മതി.

റാലിയെ എതിർക്കുന്നവർ പരസ്പരവിരുദ്ധമായി സംസാരിക്കുന്നു എന്നത് എന്തോ മഹാപാപമായി കെ.സി.ജോൺ എടുത്തുകാട്ടുന്നു. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. വിവിധ കാരണങ്ങളാലാണ് ഓരോരുത്തരും റാലിയെ എതിർക്കുന്നത്. വൽസന് പെന്തക്കോസ്തിലുള്ള സ്ഥാനം നഷ്ടമാകുമെന്നു ഭയപ്പെട്ടാണ് ചിലർ റാലിയെ എതിർക്കുന്നത്. വൽസനായിരുന്നു നേതാവെങ്കിൽ അവർ എതിർക്കുകയില്ലായിരുന്നു. തങ്ങൾക്കു സ്ഥാനമാനങ്ങൾ ലഭിക്കാത്തതിലുള്ള വിരോധം മൂലം റാലിയെ എതിർക്കുന്നവരുമുണ്ട്. പക്ഷേ റാലിയുടെ പിന്നിൽ പ്രവർത്തിക്കുന്നതു സാത്താനാണെന്ന വസ്തുത മനസ്സിലാക്കി തികച്ചും ആത്മീയമായ കാരണങ്ങളാൽ റാലിയെ എതിർക്കുന്ന ഒരു ന്യൂനപക്ഷവുമുണ്ട്. കാനം അച്ചന്റെ എതിർപ്പുതന്നെ ഉദാഹരണം. ഇവരുടെ നിലപാടാണ് ശരിയായ നിലപാട്.

തനിക്ക് ഇപ്പോഴുള്ള ശുശ്രൂഷയേക്കാളും അംഗീകാരത്തേക്കാളും വളരെ ചെറിയ ഒരു പദവിയാണ് ന്യൂനപക്ഷ കമ്മീഷൻ അംഗത്വം എന്നു കെ.സി.ജോൺ പറയുന്നു. ഇപ്പോഴുള്ളതെന്താണ്? ഐ.പി.സി എന്ന ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രസിഡന്റ് സ്ഥാനം. ചവർ ചാനലിന്റെ ചെയർമാൻ പദവി. വിവരദോഷികളും വാലാട്ടികളും നൽകുന്ന ബഹുമാനം. ഇതിൽ അധികമൊന്നും കെ.സി.ജോണിന് ഇപ്പോഴില്ല. ഐ.പി.സിയുടെ ജനറൽ പ്രസിഡന്റിനെ ഐ.പി.സിയുടെ ഫാമിലി കോൺഫ്രൻസിൽ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുൻപു പിടിച്ചിരുത്താൻ ഈ ബഹുമാനം തടസ്സമായില്ല. പിണ്ണാക്കു കോൺഫ്രൻസിൽ ഏതാനും മിനിട്ട് പ്രസംഗിക്കാനുള്ള സമയം മാത്രമാണ് ഈ ബഹുമാനവും പദവിയുംമൂലം ലഭിച്ചത്. എയ്ഡ്സ് ബാധിച്ചവനോട് ജനം അകലം പാലിക്കുന്നതുപോലെ കെ.സി.ജോണിൽ നിന്നും അമേരിക്കൻ മലയാളികൾ ഇത്തവണ അകലം പാലിച്ചു. കുശലം പറയാൻ പോലും ആളുണ്ടായില്ല. ഈ ഒറ്റപ്പെടൽ സഹിച്ചു മടുത്തപ്പോഴാണ് ഇഷ്ടൻ ഇന്ത്യയിലേക്കു വണ്ടികയറിയത്. എന്നിട്ടും ബഹുമാനത്തിന്റെ മഹത്വം പറയാൻ ഇയാൾക്കു നാണം തോന്നുന്നില്ല. സമാനതകളില്ലാത്ത തൊലിക്കട്ടിതന്നെ.

സ്ഥാനമോഹികളാണ് റാലിക്കെതിരെ എതിർപ്പുമായി വന്നിരിക്കുന്ന ഐ.പി.സിക്കാർ എന്നു കെ.സി.ജോൺ പറയുന്നതിൽ ഒട്ടൊക്കെ സത്യമുണ്ട്. കെ.സി.ജോൺ എന്തു പറഞ്ഞാലും എന്തു ചെയ്താലും എതിർക്കുക എന്നതാണ് ഇവരുടെ പ്രധാന പരിപാടി. വൽസന്റെ ശിങ്കിടികളാണ് ഇങ്ങനെ ചെയ്യുന്നത്. വൽസൻ സർവ്വാധികാരിയായാൽ തങ്ങൾക്ക് അതു ഗുണം ചെയ്യും എന്ന് അവർ കരുതുന്നു. അതിന് കെ.സി.ജോണിനെ എതിർക്കണം, തകർക്കണം. അതു മാത്രമാണ് അവർ ലക്ഷ്യമിടുന്നത്. ആദർശത്തിന്റെ കണികപോലും അതിലില്ല. കെ.സി.ജോണും വൽസണും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. രണ്ടും കള്ളൻമാർ തന്നെ. ഇവരിൽ ഒരു കള്ളനെ പുകഴ്ത്തുകയും ഒരു കള്ളനെ ശകാരിക്കയും ചെയ്യുന്നതിൽ ദൈവീകമായി ഒന്നുമില്ല.

കെ.സി.ജോൺ ഈ അഭിമുഖ സംഭാഷണത്തിൽ പറഞ്ഞ ചില കാര്യങ്ങൾക്കുള്ള മറുപടികൾ ബന്ധപ്പെട്ടവർ പറയട്ടെ. ബാക്കിയുള്ളതിന് ഡിഫെൻഡർ മറുപടി പറയും. പക്ഷേ പലതും അല്പം വിശദമായി പറയേണ്ടതുണ്ട്. അവയെല്ലാം വിശദമായി പറയുകയും ചെയ്യും. ഡിഫെൻഡറിന്റെ തുടർന്നുള്ള ലക്കങ്ങളിൽ ഈ അഭിമുഖത്തിനുള്ള മറുപടി പ്രസിദ്ധീകരിക്കുന്നതാണ്.

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan